www.malankaralibrary.com

ജനുവരി
2023
ലക്കം 1

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം




യുവജനങ്ങളെ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം

www.malankaralibrary.com

# എഡിറ്റോറിയൽ



ഇന്നലെവരെ നമുക്ക് ചുറ്റും ഉണ്ടായിരുന്നതിൽ ഒന്നിനും മാറ്റമില്ല. നാളെയും അത് അങ്ങനെ തന്നെയാണ്. പതിവുപോലെ രാവിലെ സൂര്യൻ ഉദിക്കും വൈകുന്നേരം അത് പടിഞ്ഞാറ് അസ്തമിക്കുകയും ചെയ്യും. ഡിസംബർ 31 നും ജനുവരി ഒന്നിനും ഇടയിൽ പിന്നെ എന്താണ് മാറ്റം ഉള്ളത്? ഡിസംബറിൽ നിന്ന് ജനുവരിയിലേക്കുള്ള ദൂരമാണ് നമുക്കിടയിലുള്ളതെങ്കിലും കാലം നമുക്കായ് ജനുവരിയിൽ നിന്നും ഡിസംബറിലേക്കുള്ള പ്രതീക്ഷകൾ കാത്തുവെച്ചിരിക്കുന്നു..... നമ്മുടെ പ്രതീക്ഷ എന്ന വലിയ ആഗ്രഹത്തിനാണ് മാറ്റം വരുന്നത്. കഴിഞ്ഞ വർഷ ത്തിൽ നമുക്ക് ലഭിക്കാതെ പോയതൊക്കെയും ഈ വർഷത്തിൽ നമുക്ക് ലഭിക്കുമെന്ന് ഒരു വലിയ പ്രത്യാശയോടെയാണ് നാം ജനുവരി ഒന്നിലേക്ക് കടക്കുന്നത്. മാർപാപ്പ നമ്മോട് പറയുന്നത് ഉണർന്നിരിക്കുന്നവരുടെ സ്വപ്നമാണ് പ്രതീക്ഷ എന്നാണ്. അതുപോലെ ജീവിതത്തിൽ ഉണർവു ള്ളവരായിരിക്കാൻ നമുക്ക് പരിശ്രമിക്കാം.

പലപ്പോഴും ചിലതൊക്കെ മാറ്റണമെന്ന് ഉദ്ദേശത്തോടുകൂടിയാണ് പുതിയ വർഷത്തിലേക്ക് നാം കാലെടുത്തു വയ്ക്കുന്നതെങ്കിലും ദിവസം മാറുന്നതല്ലാതെ മറ്റൊന്നും മാറുന്നില്ല, എല്ലാം പഴയപോലെ തന്നെ. എന്നാൽ നാം ഒന്നു മനസ്സുവച്ചാൽ നമുക്ക് ചുറ്റുമുള്ള എല്ലാം മാറും. ലോകത്തിൽ നിങ്ങൾ കാണാൻ ആഗ്രഹിക്കുന്ന മാറ്റങ്ങൾ നിങ്ങളിൽ നിന്ന് തന്നെ തുടങ്ങട്ടെ എന്നാണ് ഗാന്ധിജി പറഞ്ഞിരിക്കുന്നത്.

അതെ നമുക്ക് നമ്മിൽ നിന്ന് തന്നെ തുടങ്ങാം, ഒരുപക്ഷേ നാം ഒന്ന് മാറി ചിന്തിച്ചാൽ നമ്മോടൊപ്പം ഉള്ള ഈ ലോകവും മാറി ചിന്തി ക്കാൻ തുടങ്ങാം. അങ്ങനെ മാറ്റത്തിന്റെ ഒരു വലിയ കാറ്റ് നമുക്ക് ചുറ്റും വീശുവാൻ സാധിക്കും. മാറ്റേണ്ടവയെ മാറ്റുവാനും മാറ്റപ്പെടാത്തവയോട് പൊരുത്തപ്പെടുവാനും നാം തയാറാകണം.

പ്രതീക്ഷകൾ അസ്തമിച്ചു പോയവരുടെ പ്രതീക്ഷകൾക്ക് ചിറക് നൽകുവാനും കരയുന്നവന്റെ മുഖത്ത് പുഞ്ചിരിയുടെ തിരിവെട്ടം പകർന്നു നൽകുവാനും ഒറ്റപ്പെട്ടുപോയവനെ ചേർത്തുപിടിക്കുവാനും വിശക്കുന്നവന് അന്നം വിളമ്പുവാനും, തെറ്റുകളെ സധൈര്യം ചൂണ്ടിക്കാണിക്കുവാനുമുള്ള ആർജ്ജവം നമുക്കുണ്ടായിരിക്കട്ടെ നന്മയുള്ള ഹൃദയങ്ങളെ വാർത്ത് എടുക്കുവാനുള്ള കഴിവ് നമുക്ക് ഉണ്ടാക്കിയെടുക്കാം.

www.malankaralibrary.com



കഴിഞ്ഞുപോയ നല്ലതും, ചീത്തയുമായ ദിനരാത്രങ്ങൾക്ക് വിട പറഞ്ഞുകൊണ്ട് ഇനി വരാൻ പോകുന്ന ദിനങ്ങൾ എന്നും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും മാത്രമാകട്ടെന്നും പ്രാർഥിച്ചുകൊണ്ട്.... നമുക്ക് മുന്നേറാം

ഇന്നലകളെ വീണ്ടെടുക്കാൻ നമുക്ക് ആവില്ല. പക്ഷെ നാളെ ജയിക്കണോ തോൽക്കണോ എന്ന് നാം തീരുമാനിക്കണം.

ഉള്ളിൽ പ്രതീക്ഷ എന്ന ചെങ്കോൽ കരുതികൊണ്ട് ജീവിതത്തിലെ നിരാശകളിൽ പൊരുതി... ഉയരങ്ങളിലെക്ക് പറന്നുപോകുവാൻ നമുക്ക് സാധിക്കട്ടെ....

സ്നേഹപൂർവ്വം<br>
**സുബിൻ തോമസ്**<br>
സഭാതല ജനറൽ സെക്രട്ടറി<br>
ചീഫ് എഡിറ്റർ.

www.malankaralibrary.com

# Presidential Desk



പ്രിയ സഹയാത്രികരെ,

ക്രിസ്തു ചൈതന്യത്തെ മാനവ രക്ഷയോട് ചേർത്തുനിർത്തി ഒരു പുതിയ പ്രതീക്ഷയുടെ കാലഘട്ടം ആരംഭിക്കുകയാണ്. സാമൂഹിക സാഹചര്യങ്ങളെയും വെല്ലുവിളികളെയും പ്രാർത്ഥനയോടെ തരണം ചെയ്ത ധീരയുവത്വത്തിന് നാം ഓരോരുത്തരും സാക്ഷികളാകുമ്പോൾ, ആത്മീയതയുടെ പരിചയ ധരിച്ചുകൊണ്ട് തിന്മയുടെ ശക്തികളെ എതിർക്കുവാനുള്ള ഊർജ്ജം നമുക്ക് ഉണ്ടാകണം. കാരണം നാം പോരാടുന്നത് ക്രിസ്തുവിനു വേണ്ടിയാണ്. യുവത്വത്തിന്റെ നല്ല നാമ്പുകൾ പലപ്പോഴും മാധ്യമ സംസ്കാരത്തിനും അടിമത്വത്തിനും മാറ്റിവയ്ക്കുമ്പോൾ ഹൃദയം നമ്മോട് സംസാരിക്കുന്ന, പരിശുദ്ധാത്മാവിനോട് തുറവിയുള്ള നല്ല ഒരു തലമുറയെ വാർത്തെടുക്കുക എന്ന ഉത്തരവാദിത്വം നമുക്കുണ്ട്. യുവജനങ്ങൾ സഹയാത്രികരായി വലിപ്പച്ചെറുപ്പം ഇല്ലാതെ സിരകളിൽ ഉയർന്നുപൊങ്ങിയ വീര്യത്തെ ക്രിസ്തു ചൈതന്യമായി ഉൾക്കൊണ്ട് നാം യാത്ര ചെയ്യുകയായിരുന്നു. ഈ യാത്രയിൽ കൂടെയുണ്ടായിരുന്ന പങ്കാളികളെ വീണ്ടും കരം പിടിച്ചു കൊണ്ട് തിടുക്കത്തിൽ യാത്ര ചെയ്യാൻ പ്രേരിപ്പിക്കാൻ നമുക്ക് കഴിയണം. നമ്മുടെ പോരാട്ടങ്ങൾ പ്രാർത്ഥന കൊണ്ടാകട്ടെ നല്ല ഒരു വർഷം ഏവർക്കും നേരുന്നു.

**എയ്ഞ്ചൽ മേരി**
എം.സി.വൈ.എം. പ്രസിഡന്റ്

www.malankaralibrary.com

# യുവജനങ്ങളെ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം...

(എം. സി. വൈ. എം. തീം – 2023)



തയ്യാറാക്കിയത് :
**ഫാ. ഡോ. പ്രഭീഷ് ജോർജ്ജ്**

## ആമുഖം

സഭ കാലഘട്ടത്തിന്റെ അടയാളങ്ങളെ തിരിച്ചറിഞ്ഞ് അവളുടെ ജീവിതത്തിലും പ്രേഷിത ദൗത്യത്തിലും കൂട്ടായ്മയുടെ (സിനഡൽ) പാത സ്വീകരിച്ചിരിക്കുകയാണ്. ക്രിസ്തീയ വിശ്വാസം ജീവിക്കാനുള്ള നവശൈലി സ്വാഭാവികമായ ഒരു പ്രവൃത്തിയല്ല മറിച്ച്, ബോധപൂർവവും ഉത്തരവാദിത്വത്തോടെയും എല്ലാവരും നടത്തേണ്ട ഒന്നിച്ചുള്ള യാത്രയാണ്. ഒന്നിച്ചു മുന്നേറാൻ യുവജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ മംഗളവാർത്തയെത്തുടർന്ന് തിടുക്കത്തിൽ എലിസബത്തിനെ സന്ദർശിക്കാൻ പുറപ്പെട്ട വിശുദ്ധ കന്യകാമറിയത്തിന്റെ ജീവിതത്തിൽ നിന്ന് ഒരു സന്ദേശം നമ്മളുമായി പങ്കുവയ്ക്കുകയാണ്. 2023-ൽ ലിസ്ബണിൽ വച്ച് നടക്കുന്ന 37-ാമത് ലോക യുവജനദിനാഘോഷത്തിനായി നൽകിയ പരിശുദ്ധ പിതാവിന്റെ സന്ദേശത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ടുകൊണ്ട് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം (എം.സി. വൈ.എം.) നമ്മുടെ സഭയിലെ യുവജനങ്ങളുടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാനായി 2023 ലെ പഠനവിഷയമായി സ്വീകരിച്ചിരിക്കുന്നത് **യുവജനമേ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ചു മുന്നേറാം** എന്നതാണ്. കോവിഡാനന്തര സാഹചര്യത്തിൽ, യുവജനങ്ങൾക്ക് ലക്ഷ്യബോധം നൽകാനും മൂന്നാം സഹസ്രാബ്ദത്തിലെ നമ്മുടെ സഭയുടെ കെട്ടുപ്പണിയിൽ ഒന്നിച്ചു പ്രവർത്തിക്കാനും ഈ വിഷയത്തെക്കുറിച്ച് നമുക്ക് ആഴമായി ചിന്തിക്കാം.

## I. മറിയത്തിന്റെ ജീവിതം പുതിയ സാഹചര്യത്തിൽ

മംഗളവാർത്തയോടെ കന്യകാ മറിയത്തിന്റെ ജീവിതത്തിൽ ഒരു പുതിയ സാഹചര്യം ആരംഭിക്കുകയാണ്. ദൈവകൃപയാൽ പൂരിതയായി, യാതൊരുവിധ ഭയപ്പാടുംകൂടാതെ, ലോകത്തിന്റെ പ്രകാശമായവനെ ഹൃദയപൂർവം അവൾ സ്വാഗതം ചെയ്തു. അവൾ ആദ്യമായി ഈശോയെ കണ്ടുമുട്ടുകയും അത് ഒരു പുതിയ തുടക്കമാവുകയും ചെയ്യുകയാണ്. യുവത്വത്തിന്റെ പടിവാതിലിൽ മറിയത്തിന് ഉന്നതത്തിൽ നിന്ന് ലഭിച്ച ഒരു വിളി, ഒരേ സമയം കന്യകയും അമ്മയും ആയിരിക്കുക എന്നതാണ്. അതായത്, കന്യത്വത്തിന് ഭംഗം വരുത്താതെ അമ്മയാകുക. പുതിയ സാഹചര്യം മറിയത്തിന്റെ ജീവിതത്തിൽ തെറ്റിധാരണകളും ആശയകുഴപ്പങ്ങളും ഉണ്ടാക്കിയിട്ടുണ്ടാവാം. ഒരുപക്ഷേ, അത് ഒഴിവാക്കലിന്റേയും ആരോപണങ്ങളുടേയും ജീവിതമായിരിക്കാം. അവളുടെ മനസ്സ് ആശങ്കകളുടെ കാർമേഘത്താൽ മൂടപ്പെട്ടിരിക്കാനുള്ള സാധ്യതയുമുണ്ട്. പ്രത്യാശയുടെ പ്രകാശം മങ്ങിപ്പോകാവുന്ന ഒരു സാധ്യതയും അവിടെയുണ്ട്.

www.malankaralibrary.com

ദൈവമാതാവായി തീരുവാനുള്ള അവളുടെ വിളിയിൽ വൈരുദ്ധ്യമായ യാഥാർത്ഥ്യങ്ങൾ കോർത്തിണക്കിയിരുന്നു. വൈരുദ്ധ്യാത്മകമായ യാഥാർത്ഥ്യങ്ങൾ (കന്യാത്വവും മാതൃത്വവും) ഒന്നിച്ചു വരുമ്പോൾ മനുഷ്യമനസ്സിന്റെ സ്വാഭാവിക പ്രതികരണം ഒന്നിനെ ഒഴിവാക്കുകയും മറ്റേതിനെ സ്വീകരിക്കുകയും ചെയ്യുക എന്നതാണ്. ജീവിതത്തിൽ വൈരുദ്ധ്യങ്ങളുണ്ടാക്കുന്ന മാനസിക സംഘർഷം വാക്കുകൾകൊണ്ട് വിവരിക്കാവുന്നതിനേക്കാൾ ആഴമുള്ളതാണ്. യുവജനങ്ങളെ സംബന്ധിച്ച്, വൈരുദ്ധ്യങ്ങളുടെ അനുഭവം ഉണ്ടാക്കുന്ന ആന്തരിക സംഘർഷം സ്വയം സഹിക്കാവുന്നതിനും അപ്പുറമായിരിക്കും. പെട്ടെന്ന് ഒരു പരിഹാരം അന്വേഷിക്കുന്നതുതന്നെ ഈ സമ്മർദ്ദത്തിന്റെ തീവ്രത കൂട്ടുകയേയുള്ളൂ. മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാൻ പ്രയാസമായ ഉൾച്ചേർക്കലിന്റെ (inclusiveness) അനുഭവങ്ങൾ ദൈവീകമായ ഇടപെടലുള്ള സംഭവങ്ങളാണെന്ന് നാം തിരിച്ചറിയണം. അത്തരം രഹസ്യങ്ങളെ മനസ്സിലാക്കാൻ വ്യക്തികൾക്ക് കൂടുതൽ സമയം ആവശ്യമാണ്.

വെല്ലുവിളി നിറഞ്ഞ സാഹചര്യം നമ്മെ നിരാശയുടെയും ഭയപ്പാടിന്റെയും മയക്കത്തിലേയ്ക്ക് തള്ളിവിട്ടിരിക്കാം. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായി, സുവിശേഷത്തിൽ നാം കാണുന്നത് മനുഷ്യാവതാര സദ്വാർത്ത കേട്ട മറിയം എഴുന്നേറ്റു എന്നാണ്. ചരിത്രം നൽകുന്ന സാക്ഷ്യം, മറിയം ഒരിക്കൽപോലും പിന്നിലേയ്ക്ക് ചുവടുവച്ചില്ല എന്നാണ്. അതേസമയം, സർവശക്തനായ ദൈവത്തിൽ പ്രത്യാശയർപ്പിച്ച് അവൾ മുന്നിലേയ്ക്ക് പ്രയാണം ചെയ്തു. ഇത് അവളുടെ ജീവിതത്തിൽ പ്രത്യാശയും ആനന്ദവും പുനരാവിഷ്ക്കരിക്കുകയായിരുന്നു. അവളുടെ ജീവിതത്തിൽ എല്ലാറ്റിനേയും പുനക്രമീകരിക്കാൻ അവൾ ആരംഭിച്ചു.

## കോവിഡ്-19 നെ തുടർന്നുണ്ടായ പുതിയ സാഹചര്യം.

കോവിഡ്-19 മഹാമാരി ലോകം മുഴുവനെ ബാധിക്കുകയും അതിന്റെ നീരാളിപിടിത്തത്തിൽ നിന്ന് ആരും മുക്തരായിരുന്നില്ല. തങ്ങളുടെ ഏറ്റവും പ്രിയപ്പെട്ടവരേയും അടുത്തവരേയും നഷ്ടപ്പെട്ട തീവ്രമായ ദുഖത്തിലൂടെ ലോകം കടന്നുപോകുകയായിരുന്നു. അടയ്ക്കപ്പെട്ടു (Locked down) എന്ന വികാരം എല്ലാവരും അനുഭവിച്ചു. ഒരുവശത്ത് രക്ഷിതരും സുരക്ഷിതരും എന്ന ചിന്തയും മറുവശത്ത് രോഗഭീതിയും മരണഭയവും ഏവരേയും വേട്ടയാടിയിരുന്നു. സന്തോഷവും ദുഃഖവും ചേർന്ന സമ്മിശ്രവികാരം കോവിഡുകാലത്തെ അനുഭവമായിരുന്നു. അതിലുപരിയായി, ഒറ്റപ്പെടലിന്റെ (Isolation) ആവശ്യകത സാമൂഹിക സമ്പർക്കത്തിനുള്ള എല്ലാ വാതിലുകളും അടച്ചുകളഞ്ഞു. അടച്ചുപൂട്ടലിന്റെ (Lock-down) സാഹചര്യം ശാരീരികമായ സമ്മർദ്ദം മാത്രമല്ല, മാനസികമായ തകർച്ചകളും സൃഷ്ടിച്ചു. ഒറ്റപ്പെടൽ ഭയം ജനിപ്പിക്കുകയും, ഭയം അലസത/മന്ദത സൃഷ്ടിക്കുകയും ചെയ്തു. ഈ ഭീകരമായ സാഹചര്യത്തിൽ നിന്ന് പുറത്തുകടക്കാനുള്ള സാധ്യത വിരളമാണെന്ന് എല്ലാവരും ചിന്തിച്ചു. നിഷ്ക്രിയത്വത്തിന്റെ നാളുകൾ നീണ്ടപ്പോൾ, യുവജനങ്ങൾ അലസതയുടെ അവസ്ഥ ആസ്വദിക്കാൻ തുടങ്ങുകയും മണിക്കൂറുകളോളം മയക്കത്തിലാവുകയും ചെയ്തു, ഭൂരിപക്ഷംപേരും ചിന്തിച്ചത് ലോകവ്യാപകമായ പകർച്ചവ്യാധിയുടെ ദുരിതങ്ങൾ ഒരിക്കലും അവസാനിക്കില്ല എന്നാണ്. ധാരാളംപേർക്ക് പ്രത്യാശ നഷ്ടപ്പെടുകയും അവരുടെ ഹൃദയങ്ങൾ നിരാശകൊണ്ട് നിറയുകയും ചെയ്തു.

ഇപ്പോൾ, കോവിഡാന്തര സാഹചര്യം സാവധാനം രൂപപ്പെട്ടുവരികയാണ്. ഭയാശങ്കപ്പെടുത്തുന്ന സാഹചര്യത്തിന്റെ ഭയത്തിൽ നിന്ന് നാം സാവധാനം വിമുക്തരാവുകയാണ്. പങ്കുവയ്ക്കലും പരിചരണവും ഭയത്തേയും നിരാശയെയും കുറയ്ക്കുന്ന ഒരു പുതിയ ജീവിതശൈലിയാണ് കോവിഡാനന്തര സാഹചര്യം ആവശ്യപ്പെടുന്നത്. അതിനായി, നാം നമ്മുടെ ആകുലതകളും പരിഗണനകളും പുനഃക്രമീകരിക്കണം. അതിലുപരിയായി, ഒന്നിച്ചുള്ള യാത്ര കോവിഡു കാലത്ത് നാം അഭിമുഖീകരിച്ച വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കുന്ന ആന്തരിക സംഘർഷം ലഘൂകരിക്കും.

കോവിഡുമൂലം രൂപപ്പെട്ട പുതിയ സാഹചര്യത്തിൽ, സാധ്യമായ ചെറിയ കാര്യങ്ങൾ ചെയ്യുന്നതിൽ നിന്ന് ആളുകൾ നമ്മെ നിരുത്സാഹപ്പെടുത്തുന്ന സാഹചര്യങ്ങളുണ്ടാകാം. കൽക്കത്തയിലെ വി. മദർ തെരേസ ചെയ്ത പരോപകാര പ്രവൃത്തികൾ വീക്ഷിച്ചിരുന്ന ഒരാൾ പാവങ്ങളുടെ അമ്മയോട് ചോദിച്ചു: നിങ്ങൾ ചെയ്യുന്നത് മഹാസമുദ്രത്തിലെ ഒരു തുള്ളി മാത്രമാണ്. അമ്മ മറുപടി പറഞ്ഞു, എന്നാൽ ഞാനിത് ചെയ്യാതിരുന്നാൽ, ആ മഹാസമുദ്രത്തിന് ഒരു തുള്ളി കുറവായിരിക്കും. ചെറിയ കാര്യങ്ങൾ വലിയ സന്തോഷത്തോടും പ്രത്യാശയോടും ചെയ്യുക. മഹാസമുദ്രത്തിലെ ചെറിയ തുള്ളികളാകാൻ വിളിക്കപ്പെട്ടവരാണ് നാം. ഓരോരുത്തരുടേയും സംഭാവന ഇല്ലാതെ നടത്തുന്ന സുന്നഹദോസ് യാത്ര അപൂർണമായിരിക്കും. മനുഷ്യ ചരിത്രം സാക്ഷ്യപ്പെടുത്തുന്നത് എന്തെന്നാൽ എല്ലാവരും ഒന്നിച്ചു നിന്നാൽ ഇരുണ്ട ദിനങ്ങൾക്കപ്പുറത്തേയ്ക്ക് നമുക്ക് പടിപടിയായി പോകാൻ സാധിക്കും എന്നതാണ്.

www.malankaralibrary.com

## First Step: ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ

മറിയം **മാംസമായ വചനത്തെ** കണ്ടുമുട്ടുകയും അത് അവളുടെ ജീവിതത്തിൽ ഒരു പുതിയ തുടക്കമാവുകയും ചെയ്തു. അവൾ മറ്റുള്ളവരെ ഒരു പുതിയ ദർശനത്തോടും നിയോഗത്തോടുംകൂടി കാണാൻ തുടങ്ങി. അവൾക്ക് മറ്റുള്ളവരെ കാണാതിരിക്കാനാവില്ല. യേശുവിനെ കണ്ടുമുട്ടിയ സന്തോഷം അവളുടെ ഹൃദയത്തിൽ കവിഞ്ഞൊഴുകുകയും അവൾ വേഗത്തിൽ മറ്റുള്ളവരിലേയ്ക്ക് ഓടിയെത്തി. അത്തരത്തിലുള്ള കണ്ടുമുട്ടലുകൾ വീണ്ടും അവളുടെ ആനന്ദം ഇരട്ടിയാക്കി. ഇതാണ് മറിയം എലിസബത്തിനെ കണ്ടുമുട്ടുമ്പോൾ നാം കാണുന്നത്. അവരുടെ ആനന്ദം വിവരിക്കാനാവാത്തതായിരുന്നു, കാരണം, അത് ലോകത്തിന്റെ സന്തോഷമായിരുന്നില്ല, മറിച്ച്, ഒരിക്കലും അവസാനിക്കാത്ത നിത്യമായ ആനന്ദമായിരുന്നു. മറിയത്തെപ്പോലെ, നിത്യമായ ആനന്ദം നിങ്ങൾക്ക് ആസ്വദിക്കണമെങ്കിൽ നിങ്ങൾ ക്രിസ്തുവിനേയും അതുപോലെ, സഹോദരീ-സഹോദരങ്ങളേയും കണ്ടുമുട്ടണം. യഥാർത്ഥത്തിൽ, എം.സി.സി.എൽ., എം.സി.വൈ.എം., എം.സി.എ. പോലെയുള്ള സഭയിലെ സംഘടനകൾ ഇത്തരം കണ്ടുമുട്ടലിനുള്ള സഭാത്മക വേദികളാണെന്ന കാര്യം നാം മറക്കരുത്.

ക്രിസ്തുവുമായുള്ള നമ്മുടെ കണ്ടുമുട്ടലുകളാണ് മറ്റെല്ലാ കണ്ടുമുട്ടലുകളുടേയും അടിസ്ഥാനം, ക്രിസ്തുവുമായുള്ള കണ്ടുമുട്ടൽ മാനസാന്തരത്തിന്റെ ഒരു പ്രവൃത്തി കൂടിയാണ്. ഡമാസ്കസിലേയ്ക്കുള്ള യാത്രാമദ്ധ്യേ വി. പൗലോസ് യേശുവിനെ കണ്ടുമുട്ടുകയും അത് മാനസാന്തരത്തിന്റെ ഒരു സംഭവമായിട്ടാണ് വി. വേദപുസ്തകം രേഖപ്പെടുത്തിയിരിക്കുന്നത് (അപ്പ. പ്രവ 9:1-9). ക്രിസ്തുവിന്റെ പരമാധികാരം അംഗീകരിക്കുന്നതിലേയ്ക്ക് അവൻ മാനസാന്തരപ്പെട്ടു. അത് അവന്റെ ജീവിതത്തെ പൂർണമായി മാറ്റിമറിച്ചു. ഒരാൾ യഥാർത്ഥത്തിൽ യേശുവിനെ കണ്ടുമുട്ടിയാൽ, അതിന് അനുപാതികമായ ഒരു മാറ്റം അവന്റെ/അവളുടെ ജീവിതത്തിൽ ഉണ്ടാകും. അതുകൊണ്ട് പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പ പറയുന്നു: **ക്രിസ്ത്യാനിയായിരിക്കുക എന്നത് ധാർമ്മികമായ ഒരു തെരഞ്ഞെടുപ്പോ, മനോഹാരിതമായ ഒരു ആശയസംഹിതയോ അല്ല, എന്നാൽ പുതിയ ചക്രവാളവും കൃത്യമായ ദിശാബോധവും നൽകുന്ന ഒരു സംഭവമോ ഒരു വ്യക്തിയോ ആയിട്ടുള്ള കണ്ടുമുട്ടലാണ്. (Deus Caritas Est, 1).**

## Second Step: ദൈവപുരുഷന്മാരെ ശ്രവിക്കുക

ഗബ്രിയേൽ ദൈവത്തിൽ നിന്നുവന്നതാണെന്ന് മറിയം ആദ്യം തിരിച്ചറിയുകയും ശ്രവിക്കുകയും ചെയ്തു. ദൈവത്തിന്റെ വക്താവ് വരാനിരിക്കുന്ന നല്ലകാലത്തെക്കുറിച്ചാണ് അവളോട് അറിയിച്ചത്. **നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും... അവൻ വലിയവനായിരിക്കും, അത്യുന്നതന്റെ പുത്രനെന്ന് വിളിക്കപ്പെടും... യാക്കോബിന്റെ ഭവനത്തിൻമേൽ അവൻ എന്നേയ്ക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകയില്ല (ലൂക്കാ 1 : 31-33).** വാസ്തവത്തിൽ, എല്ലാ യുവജനങ്ങളോടും വളരെ പ്രസക്തമായ ഒരു ചോദ്യം മറിയം ഉയർത്തുകയാണ്: നിങ്ങളുടെ പ്രതിസന്ധികളുടേയും വെല്ലുവിളികളുടെയും മദ്ധ്യേ നിങ്ങൾക്ക് ദൈവത്തിൽ നിന്നുള്ള വ്യക്തികളെ തിരിച്ചറിയാൻ സാധിക്കുമോ? നിങ്ങളുടെ ജീവിതത്തിലെ ദൈവഹിതം വെളിപ്പെടുത്തിത്തരാൻ സാധിക്കുന്ന വ്യക്തികളെ കണ്ടെത്താൻ നിങ്ങൾക്ക് സാധിക്കുമോ? ദൈവവചനം സംസാരിക്കുന്ന വ്യക്തികളെ തിരിച്ചറിയാത്തവർക്ക് ദൈവത്തിന്റെ സന്ദേശം ശ്രവിക്കാനോ സ്വീകരിക്കാനോ സാധിക്കില്ല.

ഉപഭോഗസംസ്കാരത്തിന്റെ ഈ ലോകത്തിൽ ദൈവിക കാര്യങ്ങളെയും ദൈവിക വ്യക്തികളെയും തിരിച്ചറിയുന്നത് നിസാരമായ ഒരു പ്രവൃത്തിയല്ല. ചങ്ക് സുഹൃത്തുക്കളുടെ ഇടയിലായിരിക്കുമ്പോൾ നിങ്ങൾ മാലാഖമാരെ തിരിച്ചറിയാറുണ്ടോ? ഒരു ചായക്കടയുടെയോ സൂപ്പർ മാർക്കറ്റിന്റേയോ മുമ്പിലായിരിക്കുമ്പോൾ നിങ്ങൾക്ക് മാലാഖമാരെ കാണാൻ സാധിക്കുമോ? നിങ്ങളുടെ അനുദിന ജീവിതത്തിൽ നിങ്ങൾ ആരെയാണ് ശ്രവിക്കുന്നത്? രാജകീയ വസ്ത്രം ധരിച്ചവരേയോ മിന്നിത്തിളങ്ങുന്ന സ്റ്റേജിൽ നിൽക്കുന്നവരെയോ? ഓർക്കുക, ദൈവത്തിനുവേണ്ടി സംസാരിക്കുന്നവർ ഇമ്പകരമായി സംസാരിക്കണമെന്നില്ല. സത്യം പരുഷമായ ഭാഷയിൽ സംസാരിക്കുന്നവരെ ശ്രവിക്കാൻ നിങ്ങൾക്കു സാധിക്കുമോ? അത്തരം ദൈവപുരുഷന്മാരെ തിരിച്ചറിഞ്ഞ് അവരെ ശ്രവിക്കാത്തിടത്തോളം നിങ്ങളുടെ വെല്ലുവിളി നിറഞ്ഞ സാഹചര്യത്തിൽ നിന്ന് പുറത്തുവരാൻ നിങ്ങൾക്ക് സാധിക്കുകയില്ല.

## Third Step: ദൈവീക അടയാളങ്ങൾ തിരിച്ചറിയുക

നക്ഷത്രങ്ങളെ നോക്കി യാത്രപുറപ്പെട്ട രാജാക്കന്മാർ ബത്‌ലഹേമിൽ എത്തിച്ചേരുകയും ഉണ്ണിയീശോയെ കണ്ടുമുട്ടുകയും ചെയ്തു. ദൈവിക അടയാളങ്ങളെ പിൻതുടരുന്നവർക്ക് യേശുക്രിസ്തുവിൽ എത്തിച്ചേരാൻ സാധിക്കും. **പാഷന്റേയും ഫാഷന്റേയും പ്രായത്തിൽ** ആയിരിക്കുമ്പോൾ, യുവജനങ്ങൾക്ക് ദൈവിക കാര്യങ്ങളെക്കാൾ ലോകവസ്തുക്കളിലേയ്ക്ക് നോക്കാനുള്ള ചായ്‌വ് കൂടുതലാണ്. മറിയത്തിന് അവളുടെ കണ്ണുകൾ അത്യുന്നതങ്ങളിലേയ്ക്ക് ഉയർത്താനും ലക്ഷ്യം ഉന്നതങ്ങളിൽ വയ്ക്കാനും സാധിച്ചു. മറിയത്തെ സംബന്ധിച്ച്

www.malankaralibrary.com

നോട്ടം ശ്രേഷ്ഠമായപ്പോൾ, പ്രവൃത്തി ഉന്നതമായി. അങ്ങനെ ആ ജീവിതം ലോകത്തിന് അനുഗ്രഹവുമായി.

സ്വർഗം അടയാളങ്ങളിലൂടെ ദൈവിക കാര്യങ്ങൾ നമുക്ക് വെളിപ്പെടുത്തി തരും. അവ ക്രിസ്തുവിലേയ്ക്കുള്ള ചൂണ്ടുപലകകളാണ്. അവ നമ്മുടെ വഴികളെ പ്രകാശിപ്പിക്കുകയും സുന്നഹദോസ് പാതയിലൂടെ നമ്മെ നയിക്കുകയും ചെയ്യും. നിങ്ങളുടെ സുന്നഹദോസ് യാത്രയുടെ പാതയിൽ സ്വർഗം അയച്ച നക്ഷത്രങ്ങളെ നിങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ? അടയാളങ്ങളിൽ നിന്ന് യാഥാർത്ഥ്യത്തിലേയ്ക്ക് പ്രയാണം ചെയ്യാൻ ഈ കാലഘട്ടം നമ്മോട് ആവശ്യപ്പെടുന്നു. ഭാവനാ ലോകത്തിലല്ല മറിച്ച് യഥാർത്ഥ ലോകത്തിലാണ് നമ്മുടെ ജീവിതമെന്ന് നാം തിരിച്ചറിയണം. മൂർത്തമായ ജീവിത സാഹചര്യത്തിൽ ജീവിക്കുന്നത് ഒരു വെല്ലുവിളിയും അതേസമയം ഒരു അനുഗ്രഹവുമാണ്.

## Fourth Step: ക്രിയാത്മകവും സഹകരണാത്മകവുമായ തുടക്കം

മറിയത്തിന് ദൈവവചനത്തോട് തുറവിയുണ്ടായിരുന്നു. ഈ തുറവിയാണ് മുന്നിലുള്ള എല്ലാ വെല്ലുവിളികളെയും അഭിമുഖീകരിക്കാനുള്ള ശക്തിയും ആവേശവും അവൾക്ക് നൽകിയത്. ദൈവികമായ കണ്ടുമുട്ടൽ അവളുടെ ജീവിതത്തിലെ വഴിത്തിരിവായി തീർന്നു. യാഥാർത്ഥത്തിൽ, ആശങ്കയുടെ കാർമേഘങ്ങൾ ഇരുണ്ടതായിരുന്നപ്പോഴും അവൾ ദൈവകരങ്ങളിലേയ്ക്ക് കണ്ണടച്ച് എടുത്തുചാടുകയായിരുന്നു. മറിയം നടത്തിയ ചാട്ടം ഒരു പുതിയ പ്രഭാതമായിരുന്നു. മറിയത്തെ സംബന്ധിച്ച്, ദൈവവചനത്തോടുള്ള തുറവി എല്ലാറ്റിനേയും സ്വീകരിക്കുന്നതല്ല, മറിച്ച് നിത്യമായ ജീവനും ആനന്ദവും നൽകുന്ന കാര്യങ്ങൾ മാത്രം സ്വീകരിക്കുന്നതാണ്. നിത്യമായതിനെ സ്വീകരിക്കുന്നതിലൂടെ മറിയം ദൈവമാതാവായി മാറി. പരിശുദ്ധാത്മാവ് അവളെ വീണ്ടും അനുഗ്രഹിച്ചത് മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മയാക്കിക്കൊണ്ടാണ്. അത് അവളുടെ ജീവിതത്തിലെ ക്രിയാത്മകവും സഹകരണാത്മകവുമായ ഒരു തുടക്കമായിരുന്നു. അത് ക്രിയാത്മകമാണ് കാരണം അത് ജീവനും സന്തോഷവും പ്രധാനം ചെയ്യുന്നു. അത് സഹകരണാത്മകമാണ് കാരണം ദൈവത്തിന്റെ കരങ്ങൾ പിടിക്കുന്നതോടൊപ്പം അവൾ സഹോദരീസഹോദരങ്ങളുടെ കരങ്ങളും പിടിച്ചിരുന്നു. **ആ ദിവസങ്ങളിൽ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേയ്ക്ക് തിടുക്കത്തിൽ യാത്ര പുറപ്പെട്ടു (ലൂക്കാ 1:39)**. മറ്റുള്ളവരെ കണ്ടുമുട്ടാനുള്ള വലിയ സന്തോഷത്തോടെ അവൾ എഴുന്നേറ്റു.

## Fifth Step: പരിശുദ്ധാത്മ ശക്തിയാൽ എഴുന്നേൽക്കുക

യുവത്വം നമ്മുടെ ജീവിതത്തിലെ മനോഹരമായ ഒരു കാലഘട്ടമാണ്. മറിയത്തെപ്പോലെ, ഇരുളും പ്രകാശവും ഇഴചേർന്ന നമ്മുടെ ജീവിതത്തിലെ ഓരോകവലകളിലും ക്രിയാത്മകവും സഹകരണാത്മകവുമായ ചാട്ടം നാം നടത്തുമ്പോൾ നമ്മുടെ യൗവനം അവസാനിക്കുന്നില്ല. ഈ ചാട്ടത്തിൽ നാം പഴയതിൽ തുടരുകയല്ല പുതിയ സാഹചര്യങ്ങളിലേയ്ക്ക് പ്രവേശിക്കുകയാണ് ചെയ്യേണ്ടത്. അതുകൊണ്ട്, വൈരുദ്ധ്യാനുഭവങ്ങൾ സൃഷ്ടിക്കുന്ന സംഘർഷങ്ങളുടെ മദ്ധ്യേ നാം പ്രത്യാശ നഷ്ടപ്പെട്ടവരാകരുത് മറിച്ച്, നാം എഴുന്നേറ്റ് മുന്നോട്ട് പ്രയാണം ചെയ്യണം. എല്ലാറ്റിലുമുപരി, മഹാമാരിയുടെ കാലത്തെ ഭയത്തിൽ നിന്നുളവായ നിഷ്ക്രിയത്വത്തിൽ നിന്ന് നാം എഴുന്നേൽക്കണം. മുഖകണ്ണാടിയുടെ മുമ്പിൽ നിന്ന് നമ്മെയും നമ്മുടെ പ്രശ്നങ്ങളെയും ധ്യാനിച്ച് ഇനിയും നാം സമയം പാഴാക്കരുത്. മറ്റുള്ളവരുടെ ദുരിതങ്ങളുടെ നേർക്ക് നമുക്ക് ഇനിയും നിശ്ദരായിരിക്കാനോ നിഷ്ക്രിയരായിരിക്കാനോ, നമുക്ക് ഇനിയും ഒന്നുംചെയ്യാൻ സാധിക്കില്ലായെന്നോ നാം ചിന്തിക്കരുത്.

**എഴുന്നേറ്റ് ഒരു നിയോഗത്തിനായി തയ്യാറെടുക്കുന്നത്** മനുഷ്യർക്ക് മാത്രം ചെയ്യാൻ സാധിക്കുന്ന ബോധപൂർവമായ ഒരു പ്രവൃത്തിയാണ്. പരിശുദ്ധാത്മ ശക്തിയിലാണ് നിങ്ങൾ എഴുന്നേൽക്കുന്നത് എങ്കിൽ ഇത് ഒരു ദൈവിക പ്രവൃത്തിയായി മാറും. പരിശുദ്ധാത്മ പൂരിതയായ മറിയം എഴുന്നേറ്റ് എലിസബത്തിനെ സന്ദർശിക്കാനായി യാത്ര ആരംഭിച്ചു. ആ സന്ദർശനം ദൈവം അത്ഭുതകരമായി ഇടപെട്ട വ്യക്തികളുടെ കണ്ടുമുട്ടലായിരുന്നു. അത് ഒരേ അനുഭവത്തിലൂടെ കടന്നുപോകുന്ന രണ്ടുവ്യക്തികളുടെ സൗഹൃദത്തിന്റെ പങ്കുവയ്ക്കൽ കൂടിയായിരുന്നു. ദൈവിക സ്പർശമുള്ള വ്യക്തികളുമായി സൗഹൃദം സ്ഥാപിക്കേണ്ടത് നമുക്ക് ആവശ്യമാണ്. നമ്മുടെ എല്ലാ ആകുലതകളുടേയും ആശങ്കകളുടേയും മദ്ധ്യേ സന്തോഷവും പ്രത്യാശയും നമ്മുടെ ഹൃദയങ്ങളിൽ പുനർസൃഷ്ടിക്കുന്നതിന് അത്തരം വ്യക്തികളെ കണ്ടുമുട്ടേണ്ടത് അനിവാര്യമാണ്.

## II . ദൗത്യത്തിലേയ്ക്ക് എഴുന്നേൽക്കുക

യൗവനത്തിൽ ദൈവത്തിന്റെ സ്വരം കേൾക്കുകയും നവമായ ദൗത്യങ്ങൾ ഏറ്റെടുക്കാനായി ഉണർന്നെഴുന്നേറ്റ ധാരാളം ആളുകളെക്കുറിച്ച് വി. വേദപുസ്തം വിവരിക്കുന്നുണ്ട്. അപ്പസ്തോലന്മാർ ഗലീലയിലെ സാധാരണ യുവജനങ്ങളെപ്പോലെ ജീവസന്ധാരണത്തിനായി അത്യദ്ധ്വാനം ചെയ്തുകൊണ്ടിരിക്കേതന്നെയാണ്

www.malankaralibrary.com

യേശുവിനെ കണ്ടുമുട്ടിയത്. യേശുവിന്റെ വിളി അവരെ ക്ഷീണത്തിന്റെ ആലസ്യത്തിൽനിന്ന് ഉണർത്തുകയും അവർക്ക് പ്രത്യാശയുടേയും ജീവന്റേയും ഒരു പുതിയ ദൗത്യം നൽകുകയും ചെയ്തു. ഉടനെതന്നെ അവർ എല്ലാം പിന്നിലുപേക്ഷിച്ച് യേശുവിനെ പിൻചെന്നു (മർക്കോ 1:18). മൃതനായിരുന്ന യുവാവിനെ നോക്കി യേശു പറഞ്ഞു, **യുവാവേ, ഞാൻ നിന്നോട് പറയുന്നു, എഴുന്നേൽക്കുക (ലൂക്കാ 7:14).** യേശു അവനോട് പറഞ്ഞതെന്തെന്നാൽ, അവന് ഉറക്കത്തിൽ തുടരാനാകില്ല കാരണം വിധവയായ ആ സ്ത്രീയുടെ ഒരേയൊരു പ്രതീക്ഷ അവൻ മാത്രമാണ്. അവന്റെ അമ്മയുടെ കണ്ണുനീർ തുടയ്ക്കാൻ സാധിക്കുന്ന ഏകമകൻ അവനാണ്. അതിനർത്ഥം ഒരു യുവാവ് എന്ന നിലയിൽ, ദുരിതങ്ങളുടെ ഇപ്പോഴത്തെ സാഹചര്യം മാറ്റാൻ അവന് ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കാതിരിക്കാനാവില്ല. യേശുവിന്റെ സ്വരം കേട്ട്, അവൻ തന്റെ മരണമാകുന്ന ഉറക്കത്തിൽ നിന്ന് എഴുന്നേറ്റു.

ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടിയ മറിയം മഗ്ദലേനയുടെ ജീവിത സാഹചര്യത്തിലും പ്രകടമായ മാറ്റം ഉണ്ടായി. അവൾ ദൈവിക സന്തോഷത്താൽ നിറഞ്ഞു. അതുകൊണ്ട് അവൾക്ക് നിഷ്ക്രിയയായി ഇനിയും നിൽക്കാൻ സാധിക്കില്ല. അവൾ എഴുന്നേറ്റ്, **ഭയത്തോടും വലിയ സന്തോഷത്തോടുംകൂടെ ശിഷ്യന്മാരെ വിവരം അറിയിക്കാൻ ഓടി (മത്താ 28:8).** തങ്ങളുടെ ഗുരുവിന്റെ കുരിശുമരണത്തെത്തുടർന്ന് നിരാശയിലായിരുന്ന അവളുടെ സഹോദരങ്ങളുടെ ദുഃഖപൂരിതമായ സാഹചര്യത്തെ മാറ്റണമെന്ന് അവൾ ആഗ്രഹിച്ചു. അതുപോലെ, എമ്മാവൂസിലേയ്ക്ക് മ്ലാനവദനരായി പോവുകയായിരുന്ന ശിഷ്യന്മാർ ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടിക്കഴിയുമ്പോൾ പ്രത്യാശയും സന്തോഷവും കൊണ്ട് നിറഞ്ഞു. ആ വീട്ടിൽ കൂടുതലായി തുടരാൻ അവർ ആഗ്രഹിച്ചില്ല. **അവർ എഴുന്നേറ്റ് ഉടനെതന്നെ ജറുസലേമിലേയ്ക്ക് തിരിച്ചുപോയി (ലൂക്കാ 24:33).** അവിടെ ഒന്നിച്ചു കൂടിയിരുന്ന മറ്റുള്ളവരോടൊപ്പം അവർ ശിഷ്യന്മാരെ കണ്ടു. മനുഷ്യാവതാരം ചെയ്ത വചനവുമായുള്ള അല്ലെങ്കിൽ ഉത്ഥിതനായ കർത്താവുമായുള്ള കണ്ടുമുട്ടൽ അവരുടെ ജീവിതത്തിൽ വഴിത്തിരിവായി കാരണം, കണ്ടുമുട്ടലിനുശേഷം ആർക്കും നിഷ്ക്രിയരായിരിക്കാൻ സാധിക്കില്ല. അവരുടെ അലസതയിൽ നിന്ന് ദൈവികശക്തിയാൽ അവർ എഴുന്നേറ്റു. കൂടെയുള്ളവരുടെ മദ്ധ്യേ എഴുന്നേറ്റു നിൽക്കാൻ അവർക്ക് ലജ്ജയുണ്ടായിരുന്നില്ല കാരണം ഉന്നതത്തിൽ നിന്നാണ് അവർ ശക്തീകരിക്കപ്പെട്ടത്. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും എഴുന്നേറ്റു നിൽക്കാൻ നിങ്ങൾ തയ്യാറാണോ?

### 1. ഈ ലോകത്തിലെ ദൗത്യം

മറിയത്തിന്റെ പ്രേഷിത ദൗത്യത്തെക്കുറിച്ച് നാം ചിന്തിക്കുമ്പോൾ, അവൾ തന്റെ ആവശ്യത്തെക്കാൾ പ്രായമായ ചാർച്ചക്കാരിയുടെ ആവശ്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചു എന്നത് വ്യക്തമാണ്. അവളുടെ ആശങ്കകൾക്കിടയിലും മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് പരിഗണന ലഭിച്ചു. മഹാമാരിയുടെ ഈ കാലഘട്ടത്തിൽ മറിയത്തിന്റെ പ്രേഷിത തീക്ഷ്ണത ഏറെ പ്രസക്തമാണ്. പരിചരണവും പങ്കുവയ്ക്കലും ഉളവാകുന്നത് അപരൻ കേന്ദ്രീകൃതമായ സമീപനത്തിൽ നിന്നാണ്. യഥാർത്ഥത്തിൽ, സിനഡാലിറ്റിൽ ഓരോരുത്തരിൽ നിന്ന് ആവശ്യപ്പെടുന്നത് അവരവരുടെ ആവശ്യങ്ങളെക്കാൾ മറ്റുള്ളവരുടെ ആവശ്യങ്ങളെ പരിഗണിക്കണം എന്നാണ്. അങ്ങനെ നമ്മുടെ അനുദിന ജീവിതത്തിൽ നാം അനുഭവിക്കുന്ന വൈരുദ്ധ്യങ്ങളിലെ സംഘർഷം ലഘൂകരിക്കാം.

ഒരു ദൗത്യം ഉണ്ടെങ്കിൽ നമ്മുടെ എഴുന്നേൽപ്പുകൾ ഫലശൂന്യമാവുകയില്ല. ഉത്ഥിതനായ കർത്താവ് പൗലോസിനോട് കൽപിച്ചു: എഴുന്നേൽക്കുക! നീ കണ്ടതിന് സാക്ഷിയാകാൻ ഞാൻ നിന്നെ നിയോഗിച്ചിരിക്കുന്നു (അ. പ്ര. 26:16). അവൻ എഴുന്നേറ്റ് കർത്താവ് നൽകിയ ദൗത്യത്തിനായി തയ്യാറെടുത്തു. നാളെ എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ച് ദുഃഖിക്കാതെ മറിയം അവളുടെ ദൗത്യം തിരിച്ചറിഞ്ഞു. യഥാർത്ഥത്തിൽ ഒരു ദൗത്യത്തിനായി അവൾ തയ്യാറെടുക്കുകയായിരുന്നു. അവൾക്ക് രണ്ടു ദൗത്യങ്ങളുണ്ടായിരുന്നു: അവളുടെ ഉള്ളിൽ യേശുവിനെ വഹിക്കുകയും അവളുടെ ചാർച്ചക്കാരിയായ എലിസബത്തിന്റെ അടുക്കലേയ്ക്ക് യേശുവിനെ വഹിച്ചുകൊണ്ട് പോവുകയും ചെയ്യുക. നമ്മുടെ ദൗത്യം, ഒരുവശത്ത് കർത്താവിനോടുകൂടി ആയിരിക്കാനും മറുവശത്ത് ഏകാന്തരും ദുർബലരും അടിച്ചമർത്തപ്പെട്ടവർക്കും ഒപ്പമായിരിക്കാനും ആവശ്യപ്പെടുന്നു.

### 2. ദൗത്യം: പ്രതീക്ഷകളുടെ പൂർത്തീകരണം

സത്യത്തിൽ, എഴുന്നേൽക്കാൻ നമ്മുടെ ദൗത്യം നാം തിരിച്ചറിയണം. ദൗത്യത്തെക്കുറിച്ചുള്ള അഗ്നി ഹൃദയത്തിലുള്ളവർക്ക് മിഷനുവേണ്ടി പുറപ്പെടാതിരിക്കാനാവില്ല. മറിയം ധൃതിയിൽ എഴുന്നേറ്റത് രണ്ടു പ്രതീക്ഷകളെ സഫലീകരിക്കാനാണ്. ആദ്യമായി, തന്റെ ഏകജാതനെ സ്വന്തം മകനായി അവൾ സ്വീകരിക്കും എന്നുള്ള സ്വർഗീയ പിതാവിന്റെ പ്രതീക്ഷ. യേശുവിനെ അവൾ സ്വന്തം പൈതലായി സ്വീകരിച്ച് പരിചരിച്ചു. ഈശോ മറിയത്തെ സ്വന്തമാക്കുകയും മറിയം ഈശോയെ സ്വന്തമാക്കുകയും ചെയ്തു. **ഇനിമേൽ ഞാനല്ല, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാ 2:20)** എന്ന പൗലോസിന്റെ വാക്കുകൾ പോലെ പരസ്പര പൂരകമായ

www.malankaralibrary.com

ഈ പ്രക്രിയ മറിയത്തിന്റെ ജീവിതത്തെ മാറ്റി. യേശുവിനെ നമ്മുടെ സ്വന്തമായി സ്വീകരിക്കുന്നത് അതിൽതന്നെ ഒരു പ്രേഷിതദൗത്യമാണ്. ദൈവദാസൻ മാർ ഈവാനിയോസ് ഈ ദൗത്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് ഭാരത സുവിശേഷവത്ക്കരണത്തിനായി ഒരു മിഷണറി ആപ്തവാക്യം നൽകിയത്: **ദൈവ സമ്പാദനമാണ് ദൈവ സേവനത്തേക്കാൾ അത്യുത്തമം (മാർ ഈവാനിയോസ്, ഗിരിദീപം, 61)**. രണ്ടാമതായി, പ്രായമായ ചാർച്ച ക്കാരിയുടെ പ്രതീക്ഷ മറിയം അവളുടെ കൂടെയായിരിക്കും എന്നതാണ്. **ഇതാ, കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ (ലൂക്കാ 1:38)** എന്ന് ദൈവദൂതന്റെ അറിയിപ്പിനു മറുപടി പറഞ്ഞതിനുശേഷം മറിയം എലിസബത്തിനെ സന്ദർശിക്കാനായി യാത്ര ആരംഭിച്ചു. എലിസബത്തിന്റെ പ്രതീക്ഷ നിറവേറ്റാനാണ് മറിയം തിടുക്കത്തിൽ യാത്രയായത്. സ്വന്തം ആവശ്യങ്ങളെക്കാൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് പ്രഥമ പരി ഗണന കൊടുക്കാൻ അവൾക്ക് സാധിച്ചു. ദൈവത്തിന്റേയും സഹോദരങ്ങളുടേയും പ്രതീക്ഷ നിറവേറ്റുന്നതിനെ ദൈവത്തിൽനിന്നുള്ള തന്റെ വിളിയും നിയോഗവുമായി മറിയം സ്വീകരിച്ചു.

### 3. പ്രേഷിത സാന്നിധ്യം

പ്രായാധിക്യത്തിൽ അമ്മയാകുന്ന സാഹചര്യം എലിസബത്തിന്റെ ജീവിതത്തിൽ ഉളവാക്കിയത് ഒരു വശത്ത് മാനസിക സന്തോഷവും മറുവശത്ത് ശാരീരിക ക്ലേശവുമാണ്. ഈ വൈരുദ്ധ്യങ്ങൾ ഉളവാക്കുന്ന ആന്തരീക സംഘർഷം ലഘൂകരിക്കാൻ മറ്റൊരാളുടെ സാന്നിധ്യം അനിവാര്യമാണ്. പ്രിയപ്പെട്ടവരിൽ നിന്ന് കൂടുതൽ പരിചരണവും സ്നേഹവും അവൾക്ക് ആവശ്യമായിരുന്നു. മറിയം, ഗർഭിണിയെന്ന നിലയിലെ തന്റെ ആവശ്യങ്ങൾ വിസ്മരിച്ച് അവളുടെ സാന്നിധ്യം എലിസബത്തിന് നൽകുകയും അവളെ വലിയ സന്തോഷ ത്തോടെ പരിചരിക്കുകയും ചെയ്തു. സത്യത്തിൽ, യൗവനത്തിലായിരിക്കുന്ന മറിയത്തിന്റെ സാന്നിധ്യം പ്രായ മായ എലിസബത്തിന്റെ ജീവിത സാഹചര്യങ്ങൾ മാറ്റിമറിച്ചു. മുതിർന്ന വ്യക്തികൾ, പ്രത്യേകിച്ച്, ഏകാന്തത യുടെ അനുഭവത്തിലൂടെ കടന്നുപോകുമ്പോൾ യുവജനങ്ങളുടെ സന്ദർശനവും ശാരീരികമായ സാന്നിധ്യവും പ്രതീക്ഷിക്കുന്നു. അത്തരം സന്ദർഭങ്ങളിൽ യുവജനങ്ങളുടെ ഊർജ്ജവും ചുറുചുറുക്കും മുതിർന്നവരുടെ ഹൃദ യങ്ങളെയും മനസ്സിനേയും പുതിയ പ്രത്യാശകൊണ്ട് നിറയ്ക്കും. ഇത് ക്ഷീണം, ഏകാന്തത, നിരാശ, മുതലാ യവ നിറഞ്ഞ അവരുടെ സാഹചര്യങ്ങളെ മാറ്റിമറിക്കും. അത്തരം സന്ദർശനങ്ങളെ ഇമ്മാനുവേൽ സംഭവങ്ങൾ എന്ന് വിശേഷിപ്പിക്കാം.

### 4. ഇമ്മാനുവേൽ സാന്നിധ്യങ്ങൾ

മറിയം എലിസബത്തിനെ സന്ദർശിക്കുന്നത്, പലപ്പോഴും വ്യാഖാനിക്കുന്നത്, ഒരു ഉപവിയുടെ പദ്ധതി യായിട്ടാണ്. യുവത്വത്തിലായിരിക്കുന്ന ഒരു സ്ത്രീ പ്രായമായ മറ്റൊരു സ്ത്രീയെ സഹായിക്കുന്നു. വി. വേദ പുസ്തക ഭാഗങ്ങളുടെ ഇപ്രകാരമുള്ള സാമൂഹിക വ്യാഖ്യാനങ്ങൾക്ക് സുവിശേഷത്തിന്റെ പൂർണമായ അർത്ഥം വെളിപ്പെടുത്താൻ സാധിക്കില്ല. മറിയത്തിന്റെ സന്ദർശനം ഒരു ഉപവി പ്രവർത്തനത്തെക്കാളും വലുതാണ്. അത് ഒരു ആത്മീയ പ്രവൃത്തിയാണ്. ഒരു വ്യക്തി ക്രിസ്തുവിനേയും വഹിച്ചുകൊണ്ട് മറ്റൊരു വ്യക്തിയെ കണ്ടു മുട്ടുകയും അവിടെ ആത്മാവിന്റെ അഭിഷേകം നടക്കുകയും ചെയ്യുന്നു. ഈ അർത്ഥത്തിൽ, നാം മനസിലാക്കേ ണ്ടത് എന്തെന്നാൽ മറിയത്തിന്റെ പ്രവൃത്തികളല്ല, മറിച്ച് അവളുടെ സാന്നിധ്യം തന്നെ അവളുടേയും അവളുടെ ചാർച്ചക്കാരിയുടേയും ജീവിത സാഹചര്യത്തെ മാറ്റി എന്നുള്ളതാണ്. ആയതിനാൽ, ഒരാളുടെ കൂടെയായിരി ക്കുക എന്നത് ഒരാൾക്ക് എന്തെങ്കിലും നൽകുന്നതോ ഒരാൾക്ക് എന്തെങ്കിലും കാര്യം നിർവഹിച്ചുകൊടുക്കുന്നതോ ചെയ്യുന്നതിനേക്കാളും ആഴമേറിയാണ്.

ഇമ്മാനുവേൽ സംഭവങ്ങൾ എല്ലായ്പ്പോഴും സന്തോഷകരമായ അനുഭവങ്ങളാണ് കാരണം ദൈവം നമ്മോടു കൂടെ എന്ന് അത് വിളിച്ചുപറയുന്നു. മറിയം, ഈശോയെ ഉള്ളിൽ വഹിച്ചുകൊണ്ട്, മറ്റുള്ളവരുടെ കൂടെയായിരിക്കുന്നതിൽ സന്തോഷിച്ചു. മറ്റൊരാളുടെ കൂടെ ആയിരിക്കുന്ന അനുഭവം നമുക്ക് നൽകുന്ന ബോധ്യം ദൈവം നമ്മുടെ കൂടെയുണ്ട് എന്നതാണ്. ഇത് അവരുടെ സന്തോഷം വർദ്ധിപ്പിക്കുകയും ഇരുവരും പരിശുദ്ധാ ത്മാവിൽ പൂരിതരായി തീരുകയും ചെയ്തു. എലിസബത്ത് മാത്രമല്ല, അവളുടെ ഉള്ളിലെ ശിശുവും ദൈവകൃ പയാൽ പൂരിതമായി. അവരുടെ കണ്ടുമുട്ടൽ **കൃപയ്ക്കുമേൽ കൃപ (യോഹ 1:6)** പ്രാപിക്കുന്ന സംഭവമായിരുന്നു. ഓരോ കണ്ടുമുട്ടലും നമ്മെ നയിക്കുന്നത് കൃപയുടെ ജീവിതത്തിലേയ്ക്കാണ്. സ്വയംകേന്ദ്രീകൃതമായ ഈ ലോകത്തിൽ, യുവജനങ്ങൾക്ക് **യേശുക്രിസ്തുവിന്റെ ഈ ചെറിയവരുടെ** കൂടെയായിരിക്കുന്ന വിപ്ലവം ഉണ്ടാ ക്കാൻ സാധിക്കും. കാരണം, കർത്താവ് അരുളി ചെയ്യുന്നു: **എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തുതന്നത് (മത്താ 25:40).**

www.malankaralibrary.com

## III. മറ്റുള്ളവരിലേയ്ക്കുള്ള തിടുക്കം

**സദ്വാർത്ത മറ്റുള്ളവർക്ക് നൽകാൻ** മറിയം ധൃതിപ്പെട്ടു. ഇതേ ധൃതിയാണ് സമരിയാക്കാരിയെ അവളുടെ സുഹൃത്തുക്കളുടെ അടുക്കലേയ്ക്ക് ഓടാൻ പ്രേരിപ്പിച്ചത്. യേശുവുമായുള്ള അവളുടെ വ്യക്തിപരമായ കണ്ടുമുട്ടലാണ് അവൾ അവരുമായി പങ്കുവച്ചത് (യോഹ 4:1-42). അതുപോലെ, കബറിൽ ഈശോയെ ആദ്യമായി കണ്ടുമുട്ടിയ സ്ത്രീയും ഉത്ഥിതനായ ക്രിസ്തുവിനെ കണ്ടുമുട്ടിയ വലിയ സന്തോഷം പങ്കുവയ്ക്കാനായി ശിഷ്യന്മാരുടെ അടുത്തേയ്ക്ക് ഓടി. പന്തക്കൂസ്താ അനുഭവത്തിനു ശേഷം, പരിശുദ്ധാത്മ ശക്തിയാൽ നിറയപ്പെട്ട ശിഷ്യന്മാർ വലിയ തീക്ഷ്ണതയോടെ അവരുടെ ദൗത്യത്തിനായി പുറപ്പെടുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ പറയുന്നു: **നസ്രത്തിലെ ആ സ്ത്രീയുടെ ധൃതി, കർത്താവിൽ നിന്ന് അസാധാരണമായ വരങ്ങൾ പ്രാപിക്കുകയും അത് പങ്കുവയ്ക്കാൻ നിർബന്ധിതരാകുന്നവരുടെ തിടുക്കം പോലെയാണ്.** നിങ്ങൾ അസാധാരണ വരങ്ങളും കഴിവുകളും കൊണ്ട് അനുഗ്രഹിക്കപ്പെട്ടവരാണെങ്കിൽ പെട്ടെന്ന് എഴുന്നേറ്റ് തിടുക്കത്തിൽ മറ്റുള്ളവരിലേയ്ക്ക് പ്രയാണം ചെയ്യണം.

### 1. ജീവദായകമായ തിടുക്കം

സാധാരണയായി, കാര്യങ്ങൾ ധൃതിയിൽ ചെയ്യുമ്പോൾ, വന്ധ്യവും ജീവരഹിതവുമായി തീരാനുള്ള സാധ്യത കൂടുതലാണ്. എന്നാൽ മറിയത്തിന്റെ തിടുക്കം, വേദപുസ്തകത്തിൽ നാം കാണുന്നത്, മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്ക് ഇറങ്ങിചെല്ലാനുള്ള ആവേശമായിരുന്നു. മുകളിലേയ്ക്കും മറ്റുള്ളവരിലേയ്ക്കും നമ്മെ നയിക്കുന്ന ആരോഗ്യപരമായ തിടുക്കവും ഉപരിപ്ലവമായി ജീവിക്കാനും ഏതിനേയും നിസാരമായി കരുതാനും നമ്മെ പ്രേരിപ്പിക്കുന്ന അനാരോഗ്യപരമായ തിടുക്കവുമുണ്ട്. മറിയത്തിന്റെ തിടുക്കം ദൈവദത്തമായ അവളുടെ പ്രേഷിത ദൗത്യം പൂർത്തീകരിക്കാനുള്ളതായിരുന്നു. മറിയത്തിന്റെ തിടുക്കം, അങ്ങനെ നോക്കുമ്പോൾ, ശുശ്രൂഷിക്കാനും തന്റെ സന്തോഷം പ്രഘോഷിക്കാനും മടി കൂടാതെ പരിശുദ്ധാത്മ കൃപയോട് പ്രത്യുത്തരിക്കാനുമുള്ള അവളുടെ ആഗ്രഹത്തിന്റെ അടയാളമാണ്. മറിയത്തെപ്പോലെ ഫലദായകമായ തിടുക്കം നമ്മുടെ ജീവിതത്തിൽ എപ്പോഴും ഉണ്ടാകണം.

മറിയത്തിന്റെ ജീവിതം, മറ്റുള്ളവരുടെ ശ്രദ്ധയോ (പ്രത്യേകിച്ച് സാമൂഹിക മാധ്യമങ്ങളിൽ) അംഗീകാരമോ (ലൈക്ക് എണ്ണുന്നവർ) തേടുന്നവർക്ക് ഒരു വെല്ലുവിളിയാണ്. അവൾ, ഒരു സത്യസന്ധയായ മിഷണറി എന്ന നിലയ്ക്ക്, മറ്റുള്ളവരെ കണ്ടുമുട്ടിയും അവരുമായി ക്രിസ്തു-അനുഭവം പങ്കുവച്ചും മറ്റുള്ളവരോട് നിരന്തരം സമ്പർക്കത്തിലായിരുന്നു. മറിയത്തെപ്പോലെ, നമ്മുടെ സന്ദർശനങ്ങൾ സാമൂഹിക മാധ്യമങ്ങളിലൂടെയല്ലാതെ പ്രതീക്ഷിക്കുന്നവരുമായി നമുക്ക് ബന്ധത്തിലായിരിക്കാം. മുതർന്നവരും കുഞ്ഞുങ്ങളും നമ്മുടെ സഹയാത്രികർ ആയതിനാൽ പുഞ്ചിരിക്കുന്ന മുഖങ്ങളോടെ അവരെ സന്ദർശിക്കാൻ യുവജനങ്ങൾക്ക് എപ്പോഴും തിടുക്കമുണ്ടാവണം.

### 2. യുവജനമേ, ആലസ്യത്തിൽ നിന്ന് ഉണരൂ

ലോകം മുഴുവൻ വേദനയുടേയും പ്രത്യാശയുടേയും സംഘർഷത്തിലായിരിക്കുമ്പോൾ, ഒന്നിച്ചുള്ള യാത്രയുടെ (സിനഡാലിറ്റിയുടെ) നായകകഥാപാത്രങ്ങളായ യുവജനങ്ങൾക്ക് നിഷ്ക്രിയരായിരിക്കാൻ സാധിക്കില്ല. ലോകത്തിലേയ്ക്ക് നിത്യാനന്ദവും സന്തോഷവും കൊണ്ടുവരാൻ അവർ എഴുന്നേറ്റ് തയ്യാറെടുക്കണം. മുന്നോട്ടുള്ള പ്രയാണത്തിന്റെ പ്രഥമ പടിയാണ് ഉണർന്ന് എഴുന്നേൽക്കുക എന്നത്. പ്രത്യാശയുടേയും ആനന്ദത്തിന്റേയും ഈ തീർത്ഥാടനത്തിൽ ഒന്നിച്ചുള്ള ഈ യാത്രയുടെ ഭാഗമായിരിക്കുന്നതിൽ നിന്ന് ഒന്നുംതന്നെ യുവജനങ്ങളെ തടയാൻ പാടില്ല.

ക്രിയാത്മകതയുടെയും ധൈര്യത്തിന്റെ പ്രായത്തിലായിരിക്കുമ്പോൾ, യുവജനങ്ങൾ ഒന്നിച്ചുള്ള യാത്രയെ നയിക്കണം. എല്ലാവരുടേയും കരംപിടിച്ചുകൊണ്ടായിരിക്കണം ഈ യാത്ര നടത്തേണ്ടത്. ഇത്തരുണത്തിൽ, ഒരാളെപ്പോലും നമ്മുടെ കൂട്ടായ്മയിൽ നിന്ന് മാറ്റിനിറുത്താതിരിക്കാൻ പ്രത്യേക ശ്രദ്ധ കൊടുക്കണം. മറിയത്തെപ്പോലെ, നമ്മുടെ ഇപ്പോഴത്തെ ജീവിത സാഹചര്യത്തിൽ നിന്ന് നാം എഴുന്നേൽക്കണം. പുതിയ ജീവിത സാഹചര്യത്തെ ഫലദായകമാക്കാൻ നിഷ്ക്രിയമായ ആലസ്യത്തിൽ നിന്ന് നാം എഴുന്നേൽക്കുന്നത് അനിവാര്യമാണ്. യൗവനവും ഊർജ്ജസ്വലതയും നിറഞ്ഞ യുവത്വത്തിൽ, സാധാരണ ജീവിതസാഹചര്യങ്ങളിൽ നിന്ന് എഴുന്നേറ്റ് നിന്ന് അവരുടെ ചുറ്റുപാടുകളിൽ പ്രത്യാശയും ആനന്ദവും നിറയ്ക്കാൻ ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു.

### 3. തലമുറകളുടെ സംവാദം

യുവത്വത്തിലേയ്ക്ക് പ്രവേശിക്കുക എന്നാൽ പുതിയ ജീവിത സാഹചര്യത്തിലേയ്ക്ക് കാലെടുത്തുവയ്ക്കുക എന്നതാണ്. പരാശ്രയത്വത്തിന്റെ ബാല്യകാലത്തു നിന്നും സ്വയംപര്യാപ്തതയുടെ ജീവിതത്തി

www.malankaralibrary.com

ലേയ്ക്ക് അവർ പ്രവേശിക്കുന്നു. അതിനായി, അവർ സമയം എടുക്കുകയും ക്ഷമ കാണിക്കുകയും ചെയ്യണം. സ്വയംപര്യാപ്തമാകാൻ, ഒരാൾക്ക് ജീവിതാനുഭവം വേണം. അതിനായി യുവജനങ്ങളേക്കാൾ അനുഭവ സമ്പന്നരായ മുതിർന്നവരുമായി സമയം ചെലവഴിക്കണം. തന്മൂലം, ഉണരുകയും എഴുന്നേൽക്കുകയും ചെയ്യുന്നതിൽ മുതിർന്നവരും യുവജനങ്ങളും തമ്മിലുള്ള ആരോഗ്യപരമായ ഒരു സംവാദം പ്രതീക്ഷിക്കുന്നു. ഇവിടെയാണ് വിവിധ പ്രായത്തിലും തലത്തിലുമുള്ള വ്യക്തികളെ കണ്ടുമുട്ടാനും സംവദിക്കാനും വേദിയൊരുക്കുന്ന നമ്മുടെ സഭയിലെ യുവജനപ്രസ്ഥാനമായ എം.സി.വൈ.എം.ന്റെ പ്രസക്തി നാം കാണുന്നത്.

മറിയം അവളുടെ വൃദ്ധയായ ചാർച്ചക്കാരിയുമായി സമയം ചെലവഴിച്ചതുപോലെ തലമുറകളുടെ ഒന്നിച്ചുള്ള യാത്ര ഇന്നിന്റെ ആവശ്യമാണ്. അത്തരം യാത്രകൾ നമ്മുടെ സുന്നഹദോസ് യാത്രയെ ആഴമുള്ളതും കൂടുതൽ അർത്ഥപൂർണവുമാക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു: **യുവജനങ്ങൾ, വിഭാഗീയവും വിഭജിതവുമായ മനുഷ്യകുലത്തിനുള്ളിൽ, നവമായ ഐക്യത്തിനുള്ള പ്രത്യാശയെ പ്രതിനിധാനം ചെയ്യുന്നു. എന്നാൽ ഇത് സാധ്യമാകുന്നത് ഓർമകൾ സംരക്ഷിക്കാൻ അവർക്ക് സാധിക്കുമ്പോഴും മുതിർന്നവരുടെ പരിശ്രമങ്ങളും സ്വപ്നങ്ങളും കേൾക്കാൻ അവർക്ക് സാധിക്കുമ്പോഴുമാണ്.** മുതിർന്നവരെ കണ്ടുമുട്ടുന്നതും അവരുടെ സാന്നിധ്യത്തിലായിരിക്കുന്നതും അതുപോലെ അവരുമായി സംഭാഷണങ്ങൾ നടത്തുന്നതും നമ്മുടെ സുന്നഹദോസ് യാത്രയെ ഫലദായവും ആനന്ദപ്രദവുമാക്കാം.

## 4. മറ്റുള്ളവരിലേയ്ക്ക് തിടുക്കത്തിൽ ഇറങ്ങാനുള്ള സ്വാതന്ത്ര്യം

ദൈവത്തിലേയ്ക്കും മനുഷ്യരിലേയ്ക്കും സ്വാതന്ത്ര്യത്തോടെ പ്രയാണം ചെയ്യാൻ ഈ കോവിഡാനന്തര കാലത്ത് നമുക്ക് ഉത്തരവാദിത്വമുണ്ട്. അതേസമയം, സ്വാതന്ത്ര്യവും ഉത്തരവാദിത്തവും തമ്മിലുള്ള സംഘർഷമുളവാക്കുന്ന മാനസിക സമ്മർദ്ദം ഇന്ന് യുവജനങ്ങൾ എപ്പോഴും അനുഭവിക്കുന്നു. സ്വാതന്ത്ര്യത്തിനായുള്ള അഭിവാഞ്ച ഉത്തരവാദിത്വത്തിൽ നിന്ന് ഓടിയൊളിക്കാൻ ചിലപ്പോഴൊക്കെ നമ്മെ പ്രലോഭിപ്പിക്കും. ഉത്തരവാദിത്വം സൃഷ്ടിക്കുന്ന അമിതഭാരം സ്വാതന്ത്ര്യം വിദൂരമാണെന്ന നഷ്ടബോധം ഉണ്ടാക്കാം. എപ്പോഴാണോ ഒരാൾ സ്വാതന്ത്ര്യത്തിലേയ്ക്ക് കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് അപ്പോൾ ഉത്തരവാദിത്വത്തെ കുറിച്ചുള്ള കാഴ്ചപ്പാട് നഷ്ടമാക്കും, അതുപോലെ നേരെ മറിച്ചും. പലപ്പോഴും, സ്വാതന്ത്ര്യവും ഉത്തരവാദിത്വവും കൂട്ടിയോജിപ്പിക്കുന്നത് ഏറെ പ്രയാസമായി യുവജനങ്ങൾ കാണുന്നു. ആരൊക്കെ അവരുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് വിസ്മരിക്കുന്നുവോ അവർ ഉത്തരവാദിത്വത്തിൽ നിന്നും ഓടിയൊളിക്കും.

മുതിർന്നവർ യുവജനങ്ങളെ വിമർശിക്കുന്നത് ഉത്തരവാദിത്വമില്ലാതെ സ്വാതന്ത്ര്യം ഉപയോഗിക്കുമ്പോഴാണ്. സ്വാതന്ത്ര്യത്തിന്റെ ആസ്വാദനവും ഉത്തരവാദിത്തത്തിന്റെ ദീർഘനാളത്തെ വിനിയോഗവും സാധിക്കാതെ വരുമ്പോൾ യുവജനങ്ങൾ ആലസ്യത്തിലേയ്ക്ക് വഴുതി വീഴാനുള്ള അപകട സാധ്യതയുണ്ട്. സ്വാതന്ത്ര്യവും ഉത്തരവാദിത്വവും തമ്മിലുള്ള സംഘർഷത്തിന്റെ മദ്ധ്യേ എഴുന്നേൽക്കേണ്ടത് അവർക്ക് ആവശ്യമാണ്. മറ്റുള്ളവരുടെ ആവശ്യങ്ങൾക്ക് യുവജനങ്ങൾ പരിഗണന നൽകുമ്പോൾ വൈരുദ്ധ്യങ്ങളുടെ സംഘർഷം ലഘൂകരിക്കാനും സ്വാതന്ത്ര്യത്തേയും ഉത്തരവാദിത്വത്തെയും കൂട്ടിയിണക്കാനും കഴിയും. അത്യാവശ്യക്കാരന്റെ അടുക്കലേയ്ക്ക് ഓടിയെത്താനുള്ള സ്വാതന്ത്ര്യം വിനിയോഗിക്കാൻ അവർ തിടുക്കം കാണിക്കണം.

## 5. സിനഡാലിറ്റി: അടുപ്പത്തിന്റേയും കണ്ടുമുട്ടലിന്റേയും പാത

മറിയം ഒരിക്കലും തന്നിലോ അവളുടെ പുതിയ സാഹചര്യത്തെക്കുറിച്ചുള്ള അവളുടെ ആകുലതകളിലോ ഭയപ്പാടിലോ ശ്രദ്ധകേന്ദ്രീകരിച്ചില്ല. അടുപ്പത്തിന്റേയും കണ്ടുമുട്ടലിന്റേയും പാത അവൾ സ്വീകരിച്ചു. മറ്റുള്ളവരുടെ ജീവിതത്തിലേയ്ക്ക് ദൈവാനുഗ്രഹമായി അവൾ തന്നെതന്നെ ഒഴുക്കിക്കൊടുക്കുകയായിരുന്നു. തീർത്ഥാടക സഭയുടെ പ്രതിരൂപം ആയിട്ടാണ് മറിയത്തെ ഫ്രാൻസിസ് മാർപാപ്പാ വിശേഷിപ്പിക്കുന്നത്. ചരിത്രത്തിൽ, രാഷ്ട്രങ്ങളെ മറിയം സന്ദർശിക്കുന്ന (എത്ര സ്ഥലങ്ങൾ, എത്ര പ്രാവശ്യം) വിവരണങ്ങളുണ്ട്. ലോകത്തിലെ മറിയത്തിന്റെ പ്രത്യക്ഷപ്പെടലുകൾ ആവശ്യത്തിലായിരിക്കുന്നവരെ സന്ദർശിക്കാനുള്ള അവളുടെ തീർത്ഥാടനം പോലെയാണ്. മനുഷ്യകുലം പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ആകുലതകളിലും, ദുരന്തങ്ങളിലും, നിസ്സഹായതയിലുമൊക്കെ ആയിരുന്നപ്പോഴെല്ലാം അവൾ അവിടെ ഉണ്ടായിരുന്നു. മറ്റുള്ളവരിലേയ്ക്കുള്ള യാത്ര തുടങ്ങാൻ അവൾ അമാന്തം കാണിച്ചില്ല. ഉടനെതന്നെ അവൾ പോവുകയും അത്യാവശ്യക്കാരുടെ കൂടെയായിരിക്കുകയും ചെയ്യുന്നു.

നിയതവും (concrete) അത്യാവശ്യവും (urgent) ആയ ആവശ്യങ്ങളെ നാം അഭിമുഖീകരിക്കുമ്പോൾ, യുവജനങ്ങൾ വളരെ വേഗത്തിൽ പ്രവർത്തിക്കണം. നമ്മുടെ ഇടപെടലുകൾ ഈ ലോകത്തിൽ നീതിയുടേയും സ്നേഹത്തിന്റെ പ്രകടനമായിരിക്കണം. സാധാരണ പറയാറുള്ളത് ഓർക്കുക, വൈകിവന്ന നീതി നീതിനിഷേധത്തിന് തുല്യമാണ്. ചെയ്യാൻ വൈകിയ നന്മ പിന്നയൊരിക്കലും നന്മയല്ല. മറ്റുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റി

www.malankaralibrary.com

ക്കൊടുക്കാൻ നമുക്ക് തിടുക്കമുണ്ടായില്ലെങ്കിൽ നാം ഒന്നും ചെയ്യാത്തതിന്റെ കുറ്റക്കാരായിരിക്കും. മുതിർന്നവർ, കുഞ്ഞുങ്ങൾ, അഭയാർത്ഥികൾ, രോഗികൾ, കാരാഗ്രഹവാസികൾ, തൊഴിൽരഹിതർ, സമൂഹത്തിൽ മറ്റുള്ളവ രാൽ മുറിവേറ്റവർ, പൊതുസമൂഹത്തിന്റെ ചൂഷണത്തിന് വിധേയരായവർ, സമൂഹത്തിലെ അതിക്രമങ്ങൾമൂലം ദുരിതമനുഭവിക്കുന്നവർ, മയക്കുമരുന്നിനു അടിമയായവർ, തകർന്ന കുടുംബങ്ങളിലെ വ്യക്തികൾ, മുതലായ പലരും മറ്റുള്ളവരുടെ അനുകമ്പാർദ്രമായ നോട്ടത്തിനും സഹോദരീ-സഹോദരങ്ങളുടെ സ്നേഹമസൃണമായ സന്ദർശനത്തിനുമായി നോക്കിയിരിക്കുന്നവരാണ്. വ്യക്തികൾക്കുണ്ടാകുന്ന ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിന്റെ അനുഭവമാണ് കണ്ടുമുട്ടൽകൊണ്ട് വിവക്ഷിക്കുന്നത്. കർത്താവിനെ കണ്ടുമുട്ടുന്ന അപ്രതീക്ഷിത മായ അനുഭവം അത് നമുക്ക് നൽകുകയും തുടർന്ന് നാം അത്തരം കണ്ടുമുട്ടലുകൾക്ക് ഉപകരണങ്ങളായി മാറുകയും ചെയ്യും. തന്മൂലം ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുന്നു: **പ്രിയപ്പെട്ട യുവജനങ്ങളെ, മൂർത്തമായ കണ്ടു മുട്ടലുകളിലേയ്ക്കും നമ്മിൽ നിന്ന് വ്യത്യസ്തമായതിനെ ആത്മാർത്ഥമായി അംഗീകരിക്കുന്നതിലേയ്ക്കും തിടുക്കത്തിൽ പുറപ്പെടാനുള്ള സമയം ഇപ്പോഴാണ്.** വാർദ്ധക്യമാകുന്നതുവരെ കാത്തിരിക്കരുത്. ഇപ്പോൾ തുട ങ്ങുക. തിടുക്കത്തിൽ ഒന്നിച്ചു നടക്കുക.

### ആത്മശോധന

1. നിങ്ങൾ സ്വർഗത്തെ നോക്കാറുണ്ടോ?
2. നിങ്ങളുടെ ലക്ഷ്യം നിങ്ങൾ ഉറപ്പിച്ചിരിക്കുന്നത് എവിടെയാണ്?
3. നിങ്ങളുടെ ജീവിതത്തിൽ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നത് ആരാണ്? അവരെ നിങ്ങൾ ഗൗര വമായി ശ്രവിക്കാറുണ്ടോ?
4. കർത്താവ് നിങ്ങളുടെ ജീവിതത്തിലേയ്ക്ക് അയച്ച വ്യക്തികൾ നിങ്ങളോട് പറഞ്ഞവ നിങ്ങൾ എപ്പോ ഴെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?
5. ദൈവിക മനുഷ്യരുമായി നിങ്ങൾക്ക് ചങ്ങാത്തം ഉണ്ടാക്കാൻ നിങ്ങൾക്ക് സാധിക്കുമോ?
6. ക്രിയാത്മകവും സഹകരണാത്മകവുമായ ഒരു എടുത്തുചാട്ടത്തിന് നിങ്ങൾക്ക് ധൈര്യമുണ്ടോ?
7. നിങ്ങളെക്കാൾ പ്രായമുള്ളവരുടേയും പ്രായം കുറഞ്ഞവരുടേയും ആവശ്യങ്ങളുടെ നേർക്ക് നിങ്ങൾ തുറവിയുള്ളവരാണോ?
8. നിങ്ങളുടെ സഹയാത്രികരെ നിങ്ങൾ ശ്രവിക്കാറുണ്ടോ?
9. മറ്റുള്ളവരിൽ സദ്വാർത്ത എത്തിക്കാനുള്ള തിടുക്കം നിങ്ങൾക്കുണ്ടോ?
10. ഈ കോവിഡാനന്തര സാഹചര്യത്തിൽ നിങ്ങൾ നിങ്ങളുടെ ദൗത്യം തിരിച്ചറിഞ്ഞോ?

www.malankaralibrary.com





**മറിയം റ്റി. തോമസ്**
വൈസ് പ്രസിഡന്റ്
തിരുവല്ല അതിഭദ്രാസനം

# യുവജനങ്ങൾ ഇന്നിന്റെ പ്രതീക്ഷകൾ

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ "സഭയുടെ ഇന്നുകൾ" എന്നാണ് യുവജനങ്ങളെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇന്നിന്റെ പ്രതീക്ഷകളാണ് യുവജനങ്ങൾ. പുതിയ ഒരു ലോകത്തെ വാർത്തെടുക്കുവാൻ പുതിയ തലമുറയ്ക്ക് സാധിക്കും എന്ന ആ വലിയ വിശ്വാസമാണ് യുവജനങ്ങളെ ഇന്നിന്റെ പ്രതീക്ഷകളായി മാറ്റുന്നത്.

ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തി പൊതുസമൂഹത്തിൽ ഒരുത്തമ പൗരനായി വളർന്നു വരേണ്ടത് യുവജനങ്ങളായ നാമോരോരുത്തരുടെയും ഉത്തരവാദിത്വമാണ്. നമ്മുടെ ചുറ്റുപാടുകളിൽ ഉടലെടുക്കുന്ന പല സംഭവങ്ങളിലും നമ്മുടെ വിശ്വാസത്തെ ബാധിക്കുന്ന തരത്തിലുള്ള വിഷയങ്ങളിലും നാം കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ട്. നമ്മുടെ വിശ്വാസത്തെ ഹനിക്കുന്ന മേഖലകളിൽ നിന്ന് അകലം പാലിക്കുവാൻ നമുക്ക് കഴിയണം.

ലോകമാകെയുള്ള എന്തിനെപ്പറ്റിയുമുള്ള വിവരങ്ങൾ ഞൊടിയിടയിൽ നമ്മുടെ വിരൽത്തുമ്പിൽ ലഭിക്കുന്ന ഈ ലോകത്തിൽ ഭൗതികമായി വലിയ വളർച്ച നേടുമ്പോൾ ആത്മീയ വളർച്ചയും നമുക്ക് ആവശ്യമാണ് ആത്മീയ വളർച്ചയുടെ അഭാവം മൂലമാണ് ഒരു വ്യക്തിയുടെ വിശ്വാസങ്ങളെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിൽ എത്തുമ്പോൾ അവൻ നിശബ്ദനായി പോകുന്നത്. അനുദിനം തിരുവചനം വായിക്കുന്നതും വിശുദ്ധ കുർബാനയിൽ ഭക്തിപൂർവ്വം പങ്കുചേരുന്നതും മതബോധനം അഭ്യസിക്കുന്നതും എല്ലാം ഒരുവന്റെ വിശ്വാസവളർച്ചയുടെയും ആത്മീയ വളർച്ചയുടെയും അടിസ്ഥാന ഘടകമാണ്. പക്ഷേ ഇന്ന് ഇവയുടെ പ്രാധാന്യവും സ്ഥാനവും ഇല്ലാതെയാകുന്നു. അതുകൊണ്ടുതന്നെ ഒരുവനിൽ നിന്ന് തന്റെ വിശ്വാസവളർച്ചയുടെ അടിസ്ഥാനം അന്യമാകുന്നു, അവൻ ആത്മീയ വളർച്ചയിൽ പരാജയപ്പെടുന്നു അഥവാ അവന്റെ ആത്മീയ വളർച്ചയ്ക്ക് മന്ദത ഉണ്ടാകുന്നു. നമ്മുടെ വിശ്വാസം ഉയർത്തിപ്പിടിച്ച് സമൂഹത്തിന് മാതൃകയും വഴികാട്ടിയുമാകുവാൻ സഭയുടെ ഇന്നുകളായ യുവജനങ്ങളായ നാമേവർക്കും സാധിക്കുമോ എന്ന ചോദ്യചിഹ്നത്തിൽ നിൽക്കുന്ന കാലഘട്ടമാണിത്. ഈ കാലഘട്ടത്തിൽ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തെ മുറുകെപ്പിടിച്ച് അവ സമൂഹത്തിൽ ഉയർത്തി കാണിച്ചു കൊണ്ട് സഭയോട് ചേർന്ന് നിന്ന് ആഴമുള്ള വിശ്വാസത്തിൽ വേരുറച്ച് വളരുവാൻ നമുക്ക് പരിശ്രമിക്കാം. ഇതിലൂടെ സമൂഹത്തിൽ മാറ്റത്തിന്റെ ശബ്ദമായി മാറുവാൻ യുവജനങ്ങളായ നമുക്ക് സാധിക്കും.

എം.സി.വൈ.എം.ന്റെ സ്വർഗീയ മദ്ധ്യസ്ഥനായ അസീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ മാദ്ധ്യസ്ഥം നമുക്ക് കോട്ടയായിരിക്കട്ടെ. സർവ്വശക്തനായ ദൈവത്തിന്റെ കൃപയാണല്ലോ ഏതൊരു പരിശ്രമത്തിന്റെയും വിജയം. ആ വലിയ കൃപ ലഭിക്കുവാനായിട്ട് നമുക്ക് പ്രാർത്ഥിക്കാം.

www.malankaralibrary.com

# THE YEAR 2023 -
## Start a New Beginning with GOD






**Jomon K R**
*Padi Chennai*
*Khadki-Pune Diocese*

We all know that we have entered a New Year that brings new beginnings and new endings to our life. As the youth of the church, this New Year we can take a resolution - 'My God is my most important Person'. Have we ever thought about why God wants us all to pray to him? If you can answer this question you are on the right path. God wants us to pray to him because nowadays we are not giving essential time to the most essential person. God wants our youth to chat with him for at least 2 minutes, which makes him happy. We might think even though I am praying every day, He gives me more hurdles in life. God's answer to that is - Child you are praying every day. I like chatting with you, so I don't want you to leave me or forget me. So I give you small hurdles in life that are just

www.malankaralibrary.com




temporary for us to continue talking. “Think of it from this perspective from now onwards 'God gives and God takes it'. “Your life could be a live example. Let's take modern-day scenarios.“If you stop talking with your relatives, they won't mind you. If you stop chatting with your friends, they will slowly drift away from you. If you stop staying connected with your lover, they will stop loving you and will neglect you. When you simply just stop chatting or staying connected to someone, you will notice that you are no longer their priority. But God is always online and waiting for your message. You are His most priority. “You might think, I am praying to God day and night, all 365 days but haven't received a response still. God will deliver his message at the right time. Your blessings are decided based on your prayer and communi cation with him. 90 % of our chats with God are merely these online voice clips in the form of prayers, requesting to get things done.“Today onwards save God's contact and start a new chat. A person who provides endlessly with no expectations. His only request is He wants his children to chat with him. “The question that was raised when I was preparing this write-up was, “All say that God knows all that you want and he will deliver it at the right time. So why ask for it or pray to him for it? Not even our parents serve us food unless we are hungry and ask for a meal. In the same way, God also wants us to ask him because when the youth asks, He gives them endless blessings. Let us not chat for our namesake, He knows our intentions. We should establish a genuine relationship with him.“Improve your chatting period with God and he will deliver his replies at the needed time.“So as a Catholic 'Youth' we should 'Arise' from our past and we should 'Walk Together with Haste' without seeing any caste in our society.

www.malankaralibrary.com



# സഭാതലസമിതി

## ഗ്ലോബൽ മീറ്റ് 2023



എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ബസേലിയോസ് എൻജിനീയറിങ് കോളേജിൽ വച്ച് ജനുവരി 28, 29 തീയതികളിൽ നടത്തപ്പെട്ട സഭാതല വാർഷിക സെനറ്റ് സമ്മേളനം 'ഗ്ലോബൽ മീറ്റ് 2023', കേരള സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു. യുവജന നേതാക്കന്മാരെ ഏറെ ആവേശഭരിതരാക്കുന്ന രീതിയിൽ യുവജന പ്രവർത്തനങ്ങളെ പറ്റിയും സഭാ പ്രവർത്തനങ്ങളെ പറ്റിയും മന്ത്രി സംസാരിച്ചു.

സഭാതല പ്രസിഡന്റ് എയ്ഞ്ചൽ മേരി അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ജനറൽ സെക്രട്ടറി സുബിൻ തോമസ് സ്വാഗതം ആശംസിക്കുകയും ഡയറക്ടർ ഫാ. എബ്രഹാം മേപ്പുറത്ത് ആമുഖസന്ദേശം നൽകുകയും ചെയ്തു. യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പസ് എപ്പിസ്കോപ്പ മുഖ്യ സന്ദേശം നൽകി. വിശുദ്ധ കുർബാനയ്ക്ക് യുവജന കമ്മീഷൻ മുൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് മെത്രാപ്പോലീത്ത മുഖ്യകാർമികത്വം വഹിച്ചു.

11 ഭദ്രാസനങ്ങളിൽ നിന്നായി നൂറിലേറെ യുവജന നേതാക്കന്മാർ ഗ്ലോബൽ മീറ്റ് 2023 ൽ പങ്കെടുത്തു. റിപ്പോർട്ടുകൾ, ചർച്ച, പ്രമേയങ്ങൾ, സംവാദങ്ങൾ എന്നിവയും ഗ്ലോബൽ മീറ്റിൽ നടത്തപ്പെട്ടു. ഗ്ലോബൽ മീറ്റിന് സഭാതല ഭാരവാഹികൾ നേതൃത്വം നൽകി.

## തീം 2023



**യുവജനങ്ങളെ ഉണരൂ, തിടുക്കത്തിൽ ഒന്നിച്ച് മുന്നേറാം...**

Youth, Arise and Walk together with haste

ഈ വർഷത്തെ പഠനവിഷയം യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് എപ്പിസ്കോപ്പ സഭാതല സമിതി പ്രസിഡന്റ് എയ്ഞ്ചൽ മേരിക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. തുടർന്ന് തീം അവതരണവും നടത്തപ്പെട്ടു. ഫാ. ഡോ. പ്രഭീഷ് ജോർജ്ജാണ് സഭാതല സമിതിക്ക് വേണ്ടി തീം തയ്യാറാക്കിയതും ഗ്ലോബൽ മീറ്റ് 2023 വേദിയിൽ അവതരിപ്പിച്ചതും.

എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന പ്രസിഡന്റ് ശ്രീ. അജോഷ് എം. തോമസാണ് തീം ലോഗോ തയ്യാറാക്കിയത്.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം വാർഷിക സെനറ്റ് സമ്മേളനം

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം 2023 ജനുവരി 14 ശനിയാഴ്ച കിളിമാനൂർ വൈദിക ജില്ലയിലെ പിരപ്പൻകോട് സെന്റ് ജോൺസ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്തി. വാർഷിക സെനറ്റ് സമ്മേളനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയുടെ മെത്രാനായ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് എപ്പിസ്ക്കോപ്പാ ഉദ്ഘാടനം ചെയ്തു.

www.malankaralibrary.com






മേജർ അതിഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ ജെ അധ്യക്ഷ പദം അലങ്കരിച്ചു. ഡയറക്ടർ ഫാ. അരുൺ ഏറത്ത്, കിളിമാനൂർ വൈദിക ജില്ലാ വികാരി ഫാ. ജോസ് കിഴക്കേടത്ത്, ഫാ. ആബേൽ മാത്യു ഒ.ഐ.സി., ഫാ. ജോസഫ് തോട്ടത്തുംകടയിൽ, ഫാ. എബ്രഹാം മുരുപ്പേൽ, ഫാ. ആന്റണി ചാമവിളയിൽ, ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് നടന്ന റിപ്പോർട്ട് അവതരണത്തിൽ 9 വൈദിക ജില്ലകളുടെയും സജീവമായ പങ്കാളിത്തം ഉണ്ടായിരുന്നു. മേജർ അതിഭദ്രാസന സമിതിയുടെ റിപ്പോർട്ടിൻ മേലുള്ള ചർച്ചകളും കൂട്ടിച്ചേർക്കലുകളും ഉണ്ടായി. തുടർന്ന് മേജർ അതിഭദ്രാസന സമിതിയുടെ വാർഷിക കണക്ക് അവതരണം ഉണ്ടായിരുന്നു.

## ലഹരിവിരുദ്ധ സന്ദേശയാത്ര

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ലഹരിവിരുദ്ധ സന്ദേശ റാലിക്കു പാളയം രക്തസാക്ഷി മണ്ഡപത്തിൽ തിരുവനന്തപുരം മേജർ അതിഭദ്രാസനം സ്വീകരണം നൽകി. ഭദ്രാസന പ്രസിഡന്റ് രഞ്ജിത ആർ. ജെ. സ്വാഗതം ആശംസിച്ച ലഘുയോഗം, കേരള ഗതാഗത വകുപ്പ് മന്ത്രി ശ്രീ. ആന്റണി രാജു ഉദ്ഘാടനം ചെയ്തു. തുടർന്ന് ബഹു. മന്ത്രി ലഹരിവിരുദ്ധ സന്ദേശം പകർന്നുകൊണ്ടുള്ള പോസ്റ്ററും കെ. സി. വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ തൃശൂരിൽ വച്ചു നടക്കുന്ന കേരള യൂത്ത് കോൺഫറൻസിനു സ്വാഗതം ചെയ്തുകൊണ്ടുള്ള പതാകയും




കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ മാത്യു ദീപശിഖയും മേജർ അതിഭദ്രാസന പ്രസിഡന്റിന് കൈമാറി. മേജർ അതിഭദ്രാസന സെക്രട്ടറി ശ്രീ. ബിനോ റ്റി ഗിൽബെർട്ട് ശ്രീ. ഷിജോ മാത്യുവിൽ നിന്നും KYC ലോഗോ ഏറ്റു വാങ്ങി. മുൻനേതാവ് ശ്രീ. ഷാജി എസ്. മലയിൽ ലഹരി വിരുദ്ധസന്ദേശം നൽകുകയും മേജർ അതിഭദ്രാസന ഡയറക്ടർ റവ. ഫാ. അരുൺ ഏറത്ത് ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു.

## തിരുവല്ല അതിഭദ്രാസനം

### വാർഷിക സെനറ്റ് സമ്മേളനം

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതിയുടെ വാർഷിക സെനറ്റ് സമ്മേളനം എരുമേലി മേഖലയുടെ ആതിഥേയത്തിൽ മുക്കൂട്ടുതറ സെന്റ് മേരീസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ച് 2023 ജനുവരി 21, ശനിയാഴ്ച നടത്തി. അതിഭദ്രാസനതിന്റെ യൂത്ത് കോർഡിനേറ്റർ ആയിരിക്കുന്ന സിസ്റ്റർ അലീന SIC പതാക ഉയർത്തി വാർഷിക സെനറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ചു. തുടർന്ന് എം.സി.വൈ.എം. ആന്തം ആലപിക്കുകയും എം.സി. വൈ.എം. എരുമേലി മേഖലാ പ്രസിഡന്റ് ജിബിൻ എം.സി.വൈ.എം. പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും

www.malankaralibrary.com


# വാർത്തകൾ



ചെയ്തു. എരുമേലി മേഖല ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത് ഉദ്ഘാടനം ചെയ്തു. എം.സി.വൈ.എം. അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജോബിൻ ജോസ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. അതിഭദ്രാസന ഡയറക്ടർ ഫാ. എബ്രഹാം തൈപ്പറമ്പിൽ ആമുഖ പ്രഭാഷണം നടത്തി. ശ്രദ്ധേയമായി നേട്ടങ്ങൾ കൈവരിച്ച യുവജനങ്ങളെ ആദരിക്കുകയും അതോടൊപ്പം തന്നെ പുനരൈക്യവുമായി ബന്ധപ്പെട്ട വോളണ്ടിയേഴ്സായി പ്രവർത്തിച്ച യുവജനങ്ങളെ ആദരിക്കുകയും ചെയ്തു. മേഖലാ റിപ്പോർട്ട് അവതരണം, അതിഭദ്രാസന റിപ്പോർട്ട്, കണക്ക് അവതരണം എന്നിവ നടത്തപ്പെട്ടു. 9 മേഖലകളിൽ നിന്നായി 80 യുവജനങ്ങൾ പങ്കെടുത്തു.

## ഗ്ലോബൽ മീറ്റ് 2K23

എം.സി.വൈ.എം. സഭാതല സമിതിയുടെ ആഭിമുഖ്യത്തിൽ നാലാഞ്ചിറ മാർ ബസേലിയോസ് എഞ്ചിനീറിംഗ് കോളജിൽ വച്ച് 2023 ജനുവരി 28, 29




തീയതികളിൽ നടത്തപ്പെട്ട ഗ്ലോബൽ മീറ്റ് 2K23 ൽ എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന സമിതി അംഗങ്ങൾ പങ്കെടുക്കുകയും ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അതിഭദ്രാസന സെക്രട്ടറി മോനു ജോസഫ് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന പൊതുചർച്ചയിലും സമിതി അംഗങ്ങൾ പങ്കെടുത്തു.

## പത്തനംതിട്ട ഭദ്രാസനം

### ലഹരി വിരുദ്ധ സന്ദേശ യാത്ര



കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരി വിരുദ്ധ സന്ദേശ യാത്രക്ക് എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഭദ്രാസന അരമനയിൽ സ്വീകരണം നൽകി. പത്തനംതിട്ട ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവ് ഭദ്രാസനതല ആന്റി-ഡ്രഗ് സെല്ലിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ജിബിൻ ഗബ്രിയേൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബിച്ചു കുര്യാക്കോസ്, സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ

www.malankaralibrary.com




ചാലക്കര, എം.സി.വൈ.എം. സഭാതല ഡയറക്ടർ എബ്രഹാം മേപ്പുറത്ത്, കെ.സി.വൈ.എം. സംസ്ഥാന ഭാരവാഹികൾ, എം.സി.വൈ.എം. ഭദ്രാസന ജനറൽ സെക്രട്ടറി ബിബിൻ എബ്രഹാം എന്നിവർ പ്രസംഗിച്ചു. ഭദ്രാസന സെക്രട്ടറി ആൽബി കെ. ഷോജി, കോന്നി വൈദിക ജില്ലാ പ്രസിഡന്റ് വിശാഖ് വി. എൽ., സീതത്തോട് വൈദിക ജില്ലാ പ്രസിഡന്റ് നിബിൻ സാമുവേൽ, റാന്നി പെരുന്നാട് വൈദിക ജില്ലാ സെക്രട്ടറി ആൽബിൻ ബെന്നി എന്നിവർ സാന്നിധ്യം കൊണ്ട് ചടങ്ങിനെ ധന്യമാക്കി.

## വാർഷിക സെനറ്റ് സമ്മേളനം













എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ വാർഷിക സെനറ്റ് സമ്മേളനം ചിറ്റാർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് 2023 ജനുവരി 4-ാം തീയതി ശനിയാഴ്ച രാവിലെ മുതൽ നടത്തപ്പെട്ടു. എം.സി.വൈ.എം. ഭദ്രാസന പ്രസിഡന്റ് അജോഷ് എം. തോമസ് അധ്യക്ഷത വഹിച്ച സെനറ്റ് സമ്മേളനം പത്തനംതിട്ട ഭദ്രാസനത്തിലെ നവ വൈദികർ ഉദ്ഘടാനം ചെയ്തു. സെനറ്റ് സമ്മേളനത്തിൽ വൈദിക ജില്ലാ റിപ്പോർട്ട് അവതരണം, ഭദ്രാസന വാർഷിക റിപ്പോർട്ട്, കണക്ക് എന്നിവയുടെ അവതരണം, യൂത്ത് ഓറിയന്റേഷൻ ക്ലാസ്സ് ചർച്ച, നവവൈദികർക്ക് ആദരവ്, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തപ്പെട്ടു. ഏകദേശം അൻപതോളം യുവജന നേതാക്കന്മാർ പങ്കെടുത്തു.

## ഗ്ലോബൽ മീറ്റ്





എം.സി.വൈ.എം. സഭാതല സമിതി 2023 ജനുവരി 28, 29 തീയതികളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച സഭാതല ഗ്ലോബൽ മീറ്റിൽ എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി പങ്കെടുത്ത് ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. പ്രസ്തുത ഗ്ലോബൽ മീറ്റിൽ ബഫർ സോൺ വിഷയത്തിലെ മലയോരത്തിന്റെ ആശങ്കകൾ അറിയിച്ചു കൊണ്ട് ഭദ്രാസന സമിതി പ്രമേയവും അവതരിപ്പിച്ചു.






## അഭിവന്ദ്യ പിതാവിനോടൊപ്പം



www.malankaralibrary.com



പത്തനംതിട്ട ഭദ്രാസന സ്ഥാപക ദിനത്തിന്റെ ഭാഗമായി എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായെ സന്ദർശിച്ച് ആശംസകൾ അറിയിച്ചു.

## മാവേലിക്കര ഭദ്രാസനം

### വാർഷിക സെനറ്റ്



എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന വാർഷിക സെനറ്റ് 2022 ഡിസംബർ 31 ന് കറ്റാനം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ ചാരുമൂട്, സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി. എം.സി.വൈ.എം. കറ്റാനം വൈദിക ജില്ലാ പ്രസിഡന്റ് ശ്രീ. ജോബിൻ ജി ജോൺ എം.സി.വൈ.എം. പ്രതിജ്ഞ ചൊല്ലി സെനറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ചു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ജിതിൻ ഷാജി അധ്യക്ഷത വഹിച്ച സമ്മേളനത്തിന് ഭദ്രാസന ജനറൽ സെക്രട്ടറി ശ്രീ. രഞ്ജു രാജു സ്വാഗതം ആശംസിച്ചു. എം.സി.വൈ.എം. ചാരുമൂട് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ഗീവർഗീസ് ചാക്കപൂട്ടിൽ ഉദ്ഘാടനം ചെയ്ത സെനറ്റ് സമ്മേളനത്തിന് ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകുളം പുറത്ത് ആമുഖ സന്ദേശം നൽകി. തുടർന്ന് വൈദിക ജില്ലകളുടെ റിപ്പോർട്ട് അവതരണത്തിനു ശേഷം ഭദ്രാസന സമിതിയുടെ 6 മാസക്കാലത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് സംഘടന ചർച്ചയും സമിതിയുടെ വരും പ്രവർത്തനങ്ങളെ പറ്റിയുള്ള ചർച്ചയും നടത്തി. ഭദ്രാസന ട്രഷറർ ശ്രീ. കിച്ചു തോമസ് സെനറ്റ് സമ്മേളനത്തിന് നന്ദി അർപ്പിച്ചു.

### കർമ്മ പദ്ധതി ഉദ്ഘാടനം






നാമഹേതുക തിരുനാളിന്റെയും മെത്രാഭിഷേക രജത ജൂബിലിയുടെയും ആശംസകൾ അറിയിച്ചു കൊണ്ട് മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനെ എം. സി.വൈ.എം. മാവേലിക്കര ഭദ്രാസന സമിതി സന്ദർശിച്ചു. ഭദ്രാസന സമിതിയുടെ ആശംസകൾ ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി അറിയിച്ചു. തുടർന്ന് എം. സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ 2023 വർഷത്തെ കർമ്മപദ്ധതി THEOPHINE നും അഭിവന്ദ്യ പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലിയുടെ ഭാഗമായുള്ള കർമ്മപരിപാടികളും 2023

www.malankaralibrary.com



ജനുവരി 26 വൈകുന്നേരം 5.30 ന് മാവേലിക്കര അമല ഗിരി ബിഷപ് ഹൗസിൽ വച്ച് ഭദ്രാസന ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മുകളുംപുറത്തിന്റെയും സമിതി അംഗങ്ങളുടെയും സാന്നിധ്യത്തിൽ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു.

### ലഹരി വിരുദ്ധ സന്ദേശ യാത്ര



കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ലഹരി വിരുദ്ധ സന്ദേശ റാലിക്കു കൊല്ലം പെരുമ്പുഴയിൽ വച്ച് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനസമിതിയുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. തുടർന്ന് എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനവും കെ.സി.വൈ.എം. കൊല്ലം രൂപതയും സംയുക്തമായി സ്വീകരണം യോഗം കുണ്ടറ ആശുപത്രി ജംഗ്ഷനിൽ സംഘടിപ്പിച്ചു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ഷിജോ മാത്യു ഇടയാടിയിൽ അധ്യക്ഷത വഹിച്ച യോഗം മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുകയും കൊല്ലം രൂപത വികാരി ജനറൽ റവ. ഫാ. വിൻസന്റ് മോജോട്ടോ ലഹരി വിരുദ്ധ സന്ദേശം നൽകുകയും ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര, എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജി, കെ.സി.വൈ.എം. മുൻ പ്രസിഡന്റ് എഡ്വേർഡ് രാജു എന്നിവർ സംസാരിച്ചു. തൃശ്ശൂരിൽ നടക്കുന്ന കെ. വൈ.സി. (കേരള യൂത്ത് കോൺഫറൻസ്) യുടെ ആരംഭമായി സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യു ദീപ ശിഖയും കെ.സി.വൈ.എം. പതാകയും മാവേലിക്കര ഭദ്രാസന പ്രസിഡന്റ് ജിതിൻ ഷാജിക്കും കെ.വൈ. സിയുടെ ലോഗോ എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ഡയറക്ടർ റവ. ഫാ. ഡെന്നിസ് മുകുളുംപുറ ത്തിനും കൈമാറി. എം.സി.വൈ.എം. മാവേലിക്കര ഭദ്രാസന ജനറൽ സെക്രട്ടറി രഞ്ജു രാജു ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും തുടർന്ന് കെ.സി. വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ബിച്ചു കുര്യൻ യോഗത്തിന് നന്ദി അറിയിച്ചു.

## പാറശ്ശാല ഭദ്രാസനം

### അസ്സീസിയൻ നതാലെ

പാറശ്ശാല ഭദ്രാസനതല ക്രിസ്തുമസ് ആഘോഷം 2022 ഡിസംബർ 30 വെള്ളിയാഴ്ച വൈകിട്ട് ഇടഞ്ഞി സാന്തോം കോളേജിൽ വച്ച് നടന്നു. നെയ്യാറ്റിൻകര ജീസസ്സ് യൂത്തിന്റെ നേതൃത്വത്തിൽ നടന്ന മ്യൂസിക്കൽ ബാൻഡ് ഏറെ ഹൃദ്യമായിരുന്നു. കാൽച്ചറൽ ഇവന്റ്സ്, ഫുഡ് ഫെസ്റ്റ്, മ്യൂസിക്കൽ ബാൻഡ് എന്നിവ അസ്സീസിയൻ നതാലെയുടെ ഭാഗമായി നടത്തി. വൈദിക ജില്ലകളുടെ നേതൃത്വത്തിൽ യുവജനങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ആഘോഷങ്ങളുടെ മുഖ്യാഥിതി, ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് കേക്ക് മുറിച്ച് ക്രിസ്തുമസ് സന്ദേശം നൽകി. രുചികരമായ വിഭവങ്ങളുമായി

www.malankaralibrary.com





ഒരുക്കിയ അസ്സീസിയൻ തട്ടുകടയും, അസ്സീയൻ ടീ സ്റ്റാളും, വിവിധ കളികളുമായി അവതരിപ്പിച്ച അസ്സീസിയൻ ഗെയിംസും ക്രിസ്തുമസ് സംഗമത്തെ രുചികരവും ഹൃദ്യവും ആഹ്ലാദപ്രദവുമാക്കി തീർത്തു. യുവജനങ്ങൾക്ക് ആഘോഷമായ സമ്മാനങ്ങൾ ലഭിച്ചു. 500 ഓളം യുവജനങ്ങൾ പങ്കെടുത്ത അസീസിയൻ നടാലെ പാറശ്ശാല യുവജന കുടുംബത്തിന്റെ സംഗമവേദിയായി മാറി.

## ലഹരി വിരുദ്ധ സന്ദേശ യാത്ര



കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന ലഹരി വിരുദ്ധ സന്ദേശ റാലിക്കു പാറശ്ശാല ഭദ്രാസനത്തിൽ ആരംഭം കുറിച്ചു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യുവിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ സ്വാഗതവും കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ തോമസ് ആമുഖപ്രഭാഷണവും നടത്തി. പാറശ്ശാല വൈദിക ജില്ലാ വികാരി ബഹു. തോമസ് ഈട്ടികാലായിൽ അച്ചൻ ലഹരിവിരുദ്ധ സന്ദേശ റാലി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. എറണാകുളം റീജിയൻ ഡി.ഡി. ഓഫീസർ ഡോ. എ. അനിലും എം.സി.വൈ.എം. സഭാതല സമിതി പ്രസിഡന്റ് ഏയ്ഞ്ചൽ മേരിയും നെയ്യാറ്റിൻകര എക്സൈസ് ഓഫീസറും ആശംസകൾ നേർന്നു. തൃശ്ശൂരിൽ നടക്കുന്ന കേരള യൂത്ത് കോൺഫറൻസിന്റെ സന്ദേശ റാലിയുടെ ആരംഭമായി സംസ്ഥാന പ്രസിഡന്റ് ഷിജോ മാത്യു ദീപശിഖയും കെ.സി.വൈ.എം. പതാകയും പാറശ്ശാല ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന് കൈമാറി. കെ.സി.വൈ.എം. സംസ്ഥാന സിൻഡിക്കേറ്റ് അഗസ്റ്റിൻ ജോൺ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുത്തു. തുടർന്ന് സഭാതല പ്രസിഡന്റ് ഏയ്ഞ്ചൽ മേരി ലഹരി വിരുദ്ധ സന്ദേശ യാത്ര ഫ്ളാഗ് ഓഫ് ചെയ്തു.

## വാർഷിക സെനറ്റ് സമ്മേളനം



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ വാർഷിക സെനറ്റ് സമ്മേളനം കാട്ടാക്കട വൈദിക

www.malankaralibrary.com



ജില്ലയുടെ ആതിഥേയത്വത്തിൽ പൊന്നെടുത്തകുഴി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന ആനിമേറ്റർ സി. സീന ജോൺ ഡി.എം. പതാക ഉയർത്തി സെനറ്റ് സമ്മേളനത്തിന് ആരംഭം കുറിച്ചു. ഭദ്രാസന പ്രസിഡന്റ് ശരത് ലാലിന്റെ അധ്യക്ഷതയിൽ കൂടിയ ഉദ്ഘാടന സമ്മേളനത്തിൽ ഭദ്രാസന ജനറൽ സെക്രട്ടറി അരുൺ റ്റി. എസ്. സ്വാഗതം ആശംസിച്ചു. എം.സി.വൈ.എം. കാട്ടാക്കട വൈദിക ജില്ലാ ഡയറക്ടർ ഫാ. സേവ്യർ കോണത്തു വിള ഉദ്ഘാടനം ചെയ്ത സെനറ്റ് സമ്മേളനത്തിന് ഭദ്രാസന ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്ജ് ആമുഖ പ്രഭാഷണം നൽകി. ഭദ്രാസന അസി. ഡയറക്ടർ വിമൽ വിൻസെന്റ് അച്ചനും കാട്ടാക്കട വൈദിക ജില്ല പ്രസിഡന്റ് പിയുഷ് പോളും ആശംസകൾ നേർന്നു. ഉദ്ഘാടന സമ്മേളനത്തിന് ശേഷം വൈദിക ജില്ല കളുടെ റിപ്പോർട്ട് അവതരണവും ഭദ്രാസന സമിതി യുടെ ആറു മാസകാലത്തെ റിപ്പോർട്ടും വരവ്-ചെലവ് കണക്ക് അവതരണവും നടന്നു. റിപ്പോർട്ട് അവതരണത്തിന് ശേഷം സംഘടനാ ചർച്ചയും നടന്നു. ഭദ്രാസന സെക്രട്ടറി ആതിര ആർ. എസ്. സെനറ്റ് സമ്മേളനത്തിന് നന്ദി അറിയിച്ചു.

## ഗ്ലോബൽ മീറ്റ് 2023










*Design & Layout : **Syam Chowara, Nia Graphics, TVM.** **Ph : 9747 044 811***